25 years

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 7, 15 July 2016

എഡിറ്റോറിയൽ

# മരിച്ചവരെ ഉയിർപ്പിക്കുക

**പി**തൃവാത്സല്യത്തിന്റെ ദാർഢ്യവും ആഴവും പരപ്പും വരച്ചു കാട്ടുകവഴി ദൈവസ്നേഹത്തിന്റെ അപാരത പ്രതിബിംബിക്കുന്ന പ്രതീകാത്മകവും കാവ്യസുന്ദരവുമായ കഥയാണ് ക്രിസ്തു മുടിയനായ പുത്രന്റെ ഉപമയിലൂടെ അവതരിപ്പിക്കുന്നത്. വി. ലൂക്കോസിന്റെ സുവിശേഷം 15-ാം അധ്യായം 11 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ അതു നമുക്കു വായിക്കാം. വിശ്വോത്തരമായ നിരവധി മത-സാഹിത്യ രചനകൾക്ക് ഈ ഉപമ മൂലതന്തുവായിട്ടുണ്ട്.

കഥ ആവർത്തനം ആവശ്യമില്ലാത്തവിധം പ്രസിദ്ധമാണ്. പശ്ചാത്താപ വിവശനായി മടങ്ങിയെത്തി മാപ്പിരക്കുന്ന മുടിയനായ പുത്രനെ പിതാവ് വാത്സല്യപൂർവ്വം മാറോടണച്ച് ചുംബിക്കുന്നു. മേൽത്തരം അങ്കികളും മോതിരവും ചെരുപ്പുകളുമെല്ലാം അവനെ അണിയിക്കുവാൻ പരിചാരകരോട് ആ പിതാവ് ആജ്ഞാപിക്കുന്നു. നിമിഷങ്ങൾക്കകം വിരഹദുഃഖം തളംകെട്ടി നിന്നിരുന്ന ആ വീട് അഹ്ലാദത്തിന്റെ വേദിയായി മാറുന്നു. സ്വീകരണ വിരുന്നൊരുങ്ങുന്നു. വാദ്യഘോഷങ്ങളും നൃത്തവുമെല്ലാം പൊടിപൊടിക്കുന്നു. ആ സമയം വയലിലെ വേലകഴിഞ്ഞു മടങ്ങിയെത്തുന്ന മൂത്തമകൻ ഇതെല്ലാം കണ്ട് അമ്പരക്കുന്നു, കുപിതനാകുന്നു. വീട്ടിൽ പ്രവേശിക്കാതെ മാറിനിന്നു പ്രതിഷേധിക്കുന്നു. അപ്പോൾ പിതാവ് അയാളെ അനുനയിപ്പിക്കാൻ പറയുന്നതിപ്രകാരമാണ്. "മകനേ, നീ എപ്പോഴും, എന്നോടൊപ്പം ആയിരുന്നിട്ടുണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതല്ലേ? എന്നാൽ നിന്റെ ഈ സഹോദരൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചിരിക്കുന്നു. കാണാതെ പോയിരുന്നു, കണ്ടുകിട്ടിയിരിക്കുന്നു. ആകയാൽ ആഹ്ലാദിക്കേണ്ടതാവശ്യമാണ്." ('ആയിരം നീതിമാന്മാരെപ്രതി ഉള്ളതിലേറെ സന്തോഷം പശ്ചാത്തപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലുണ്ടാകുന്നു' എന്ന കാര്യമാണ് ഈ സമീപനത്തിന്റെ പശ്ചാത്തലം).

പാപത്തിന്റെ ഫലം മരണമാണ് എന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. അതുകൊണ്ടാണ് തന്റെ ഇളയമകൻ മരിച്ചവനായിരുന്നു എന്ന് ആ പിതാവ് പറയുന്നത്. ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം അവൻ മരിച്ചവനും നഷ്ടപ്പെട്ടവനുമായിരുന്നു. അവനെയാണ് ജീവനോടെ തിരികെ കിട്ടിയിരിക്കുന്നത്. സന്തോഷത്തിന്റെ നിമിഷങ്ങൾ.

ആ മുടിയനായ പുത്രൻ മരിക്കുകയും പുനർജീവിക്കുകയും ചെയ്തു. എന്നാൽ ഈ വിധം മരിച്ച് ഇതുവരെ പുനർജീവിക്കാത്ത അനേകർ ഇന്നു സമൂഹത്തിലുണ്ട്. അവരെ നല്ലവരാക്കി സമൂഹത്തിന് സമ്മാനിക്കുക എന്നതാണ് ക്രിസ്തു സഭയ്ക്കു നൽകിയിരിക്കുന്ന ദൗത്യം; പോരാ, ചുമതല. ക്രിസ്തു തന്റെ ശിഷ്യന്മാരെ സുവിശേഷഘോഷണത്തിനായി പറഞ്ഞയക്കുമ്പോൾ രോഗികളെ സുഖപ്പെടുത്തുവാനും, മരിച്ചവരെ ജീവിപ്പിക്കുവാനും ബദ്ധരെ വിടുവിക്കുവാനുമെല്ലാം ആഹ്വാനം ചെയ്യുന്നുണ്ട്. ഇതിന്റെ അർത്ഥം പാപമരണം പ്രാപിച്ചവരെ പുനർജീവിക്കുകയും പാപബന്ധം അവസാനിപ്പിക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ്. അതല്ലാതെ അക്ഷരാർത്ഥത്തിൽ മൺമറഞ്ഞവരെ പുനർജീവിപ്പിക്കുക എന്നതായിരിക്കുകയില്ല. ജനസംഖ്യാവർദ്ധനവ് ഒരുഭീഷണിയായിത്തീരുമ്പോൾ മരിച്ചവരെക്കൂടി ജീവൻ വെപ്പിച്ച് എരിതീയിൽ എണ്ണയൊഴിക്കുവാൻ യേശു ആഗ്രഹിക്കാനിടയില്ല.

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**മരിച്ചവരെ ഉയിർപ്പിക്കുക** ............................ 1

**വസ്ഥിരാജ്ഞി:**
**സ്വതന്ത്ര സ്ത്രീത്വത്തിന്റെ പ്രതീകം** .......... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പ്രകാശത്തിൽ നിന്ന്**
**അന്ധകാരത്തിലേക്ക്** ....................................... 6
ജോണി ജോർജ് കോർ എപ്പിസ്കോപ്പ

**അനുഭവങ്ങൾ,വീക്ഷണങ്ങൾ,**
**വിശദീകരണങ്ങൾ** ....................................... 8
ഫാ. എബ്രാഹാം കാരാമ്മേൽ

**പഠനം-പരിസ്ഥിതി-ആത്മീയത!**
**മൂന്നു ദിനചിന്തകൾ** .................................. 10
ഫാ. ഡോ. തോംസൺ റോബി

SPIRITUAL DIMENSIONS IN THE TREATMENT OF GERIATRIC DEPRESSION...................................12
Dr. A. Nishad Koya M.D. and Mrs. Shalini Julie Mathew

**വാർത്തകൾ, അറിയിപ്പുകൾ** .............. 15 – 16


ജീവിതത്തിന്റെ എല്ലാ തുറകളിലും തലങ്ങളിലും മുടിയനായ പുത്രനെപ്പോലെ ചരമപൂർവ്വമരണം (pre mortem death) പ്രാപിച്ചവരുണ്ട്. അനേകം പേർ അവരേക്കാൾ നീചമായ മരണം പ്രാപിച്ചവരാണ്. മുടിയനായ പുത്രൻ കൊലപാതകം നടത്തിയതായി പറയുന്നില്ല. കാൽക്കാശ് കയ്യിലില്ലാതായിട്ടും മോഷണത്തിനു ശ്രമിച്ചതായും കാണുന്നില്ല. എന്നാൽ അതിൽ എത്രയോ ഏറെ വഷളന്മാരാണ് ഇന്നു സമൂഹത്തിലുള്ളത്. വിഹരിക്കുന്നത്! കുടുംബദ്രോഹികളായ ഗൃഹനാഥന്മാർ മുതൽ കാമഭ്രാന്തുപിടിച്ച ആൾദൈവങ്ങൾ (god men) വരെ നമുക്ക് ചുറ്റുമുണ്ട്. കരിങ്കൽ ക്വാറിയിൽ പകലന്തിയോളം പണിചെയ്തു കിട്ടുന്നപണം മുഴുവൻ മദ്യഷാപ്പിലടച്ച്, ലക്കുകെട്ട് വീട്ടിലെത്തി ഭാര്യയെ പ്രഹരിക്കുന്നത് ശീലമാക്കിയ ഒരു ഗൃഹനാഥനെ ഡി അഡിക്ഷൻ സെന്ററിൽ എത്തിച്ച മക്കൾ ഡോക്ടറുടെ മുമ്പിൽ പ്രകടിപ്പിച്ച മിനിമം ആവശ്യം അവരുടെ അച്ഛനെ എഴുന്നേറ്റു നടക്കാതെ തളർത്തിക്കൊടുക്കണമെന്നായിരുന്നു! അവർ അച്ഛനു ചെലവിനു കൊടുത്തുകൊള്ളാം പോലും! അത്രയ്ക്കുണ്ട് അയാളെ കൊണ്ട് കുടുംബത്തിനുള്ള ഉപകാരം! തെക്കൊരിടത്ത് അറുപതു കഴിഞ്ഞ അച്ഛനെ വെട്ടിക്കൊന്ന് തുണ്ടമാക്കി കാറിലേറ്റി ദൂരസ്ഥലങ്ങളിൽ വലിച്ചെറിഞ്ഞ മകന്റെ കേസ് അന്വേഷണ ഘട്ടത്തിലാണ്. പെരുമ്പാവൂർ നിയമ വിദ്യാർത്ഥിനിയുടെ ബലാൽസംഗവും കൊലയുമാണല്ലോ ഇപ്പോൾ നാട്ടിലോടുന്ന തിരക്കേറിയ പടം. ഇതിലും വലിയത് അടുത്ത് സംഭവിക്കുന്നതുവരെ മാത്രമേ ഇതിന് പ്രചാരമുള്ളു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വശീകരിച്ചു പലവട്ടം ലൈംഗീക മുതലെടുപ്പു നടത്തിയ കരിസ്മാറ്റിക് വൈദീകൻ ഒടുവിൽ പിടിയിലായി. ആ ശ്രമത്തിലെത്തുന്ന ഭക്തകളുടെ ചാരിത്ര്യഭഞ്ജനം നടത്തി സന്യാസ ജീവിതത്തെ അടച്ചവഹേളനാപാത്രമാക്കിയ മഠാധിപതി എൺപത്തിരണ്ടുകാരന്റെ കഥ നാം പത്രങ്ങളിൽ വായിച്ചു. കുട്ടികളെ ലൈംഗിക പീഡനത്തിനിരയാക്കുന്ന വൈദികരുടെയും അതു സംബന്ധിച്ച പരാതികളിൽ നടപടികയെടുക്കാത്ത ബിഷപ്പുമാരുടെയും ഉടുപ്പൂരിക്കേണ്ടതാണെന്ന് പോപ്പ് ഫ്രാൻസിസ് പ്രഖ്യാപിച്ചിട്ട് ആഴ്ചകളേ ആയിട്ടുള്ളു. പീഡനത്തിന്റെ ഇരകൾക്കുവേണ്ടി സഭ ഓരോ വർഷവും കോമ്പൻസേഷൻ നൽകുന്ന തുക ഇൻഡ്യയുടെ ഒരു പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ വലുതാണന്ന് പണ്ടൊരിക്കൽ വായിച്ചതോർക്കുന്നു. ഭരണ-രാഷ്ട്രീയ-ഉദ്യോഗമണ്ഡലങ്ങളിലേക്കു കടന്നാലോ! സ്ഥിതി ഇതിലും ഭയാനകം. മരിച്ചവരെല്ലേ ബഹുഭൂരിഭാഗവും! രാഷ്ട്രീയവൈരം മൂത്ത് ക്ലാസ്സുമുറിയിൽ കടന്നുകയറി വിദ്യാർത്ഥികളുടെ മുമ്പിലിട്ട് അധ്യാപകനെ വെട്ടിക്കൊല്ലുക, ചോദ്യക്കടലാസിൽ മതനിന്ദ ആരോപിച്ച് ചോദ്യകർത്താവിന്റെ കൈപ്പത്തി വെട്ടിയെറിയുക, അന്ധവിശ്വാസത്തിനും ജാതിപ്പോരിനും മതവിദ്വേഷത്തിനും എതിരെ എഴുതുകയും പ്രസംഗിക്കുകയും ചെയ്തതിന്

*(ശേഷം 7-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# വസ്ഥിരാജ്ഞി : സ്വതന്ത്ര സ്ത്രീത്വത്തിന്റെ പ്രതീകം

വസ്ഥിരാജ്ഞി പഴയനിയമത്തിലെ ഏറെ അവഗണിക്കപ്പെടുന്ന ഒരു കഥാപാത്രമാണ്. സാധാരണ സ്ത്രീ സങ്കല്പവുമായി അവളുടെ പ്രകൃതം ഒത്തുപോകുന്നില്ല എന്നതാണ് അവഗണനയ്ക്ക് കാരണം. ഒരു ഉത്തമ സ്ത്രീയുടെ ഗുണവിശേഷങ്ങളായി സാധാരണ വ്യവഹരിക്കപ്പെടുന്ന പ്രത്യേകതകൾ വസ്ഥിയിൽ മുഴച്ചു കാണുന്നില്ല. എന്നാൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ് അവരുടേത് എന്നാണ് സൂക്ഷ്മാന്വേഷണത്തിൽ മനസ്സിലാകുന്ന വസ്തുത. പ്രത്യേകിച്ച് മാറി വരുന്ന സാമൂഹ്യ-കുടുംബ-മതസാഹചര്യങ്ങളിൽ സ്ത്രീത്വത്തിന്റെ ബദൽ മാതൃകകൾ അന്വേഷിക്കുന്നവർക്ക് അവർ ഒരു അന്യാദൃശ പ്രതീകമാണ്.

എസ്ഥേറിന്റെ പുസ്തകത്തിൽ ആദ്യ അദ്ധ്യായത്തിലാണ് വസ്ഥിയെ അവതരിപ്പിച്ചിരിക്കുന്നത്. എസ്ഥേർ രാജപത്നിയായി തിരഞ്ഞെടുക്കപ്പെടുന്നതിന്റെ പശ്ചാത്തല വിവരണത്തിൽ ഇടം കിട്ടിയാണ് അവൾ വേദപുസ്തകത്തിൽ കയറിപ്പറ്റുന്നത്. B.C. 5-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ പേർഷ്യൻ ചക്രവർത്തിയായിരുന്ന അഹശ്വേരോശ് രാജാവിന്റെ ആദ്യഭാര്യയായിരുന്നു വസ്ഥി. അദ്ദേഹം ഭരണമേറ്റതിന്റെ വാർഷികാഘോഷപരിപാടികൾ നടക്കുന്ന സാഹചര്യത്തിലാണ് അവൾ കഥയിൽ അവതരിപ്പിക്കപ്പെടുന്നത്. സാമ്രാജ്യത്തിലെ ഉയർന്ന ഉദ്യോഗസ്ഥരേയും പ്രമാണികളേയും തന്റെ ആസ്ഥാനത്ത് ചക്രവർത്തി ക്ഷണിച്ചുവരുത്തി ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളിൽ പങ്കെടുപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ സമ്പത്തും മഹത്വവും വെളിപ്പെടുത്തുന്ന തരത്തിലുള്ള പ്രൗഢിയും ധൂർത്തുമെല്ലാം ആഘോഷത്തിൽ പ്രതിഫലിക്കുന്നുണ്ട്. തങ്കപ്പാത്രങ്ങളിലും സ്വർണ്ണചഷകങ്ങളിലുമാണ് ഭക്ഷണപാനീയങ്ങൾ വിളമ്പുന്നത്. രാജാവ് പുരുഷന്മാർക്കുവേണ്ടി സദ്യ നൽകുന്ന സമയത്ത് രാജ്ഞി ക്ഷണിക്കപ്പെട്ട മാന്യസ്ത്രീകൾക്ക് വിരുന്നൊരുക്കുന്നു.

വിരുന്ന് ഏഴുദിവസം നീണ്ടു നിന്നു. ഏഴാം ദിവസം രാജാവ് മദ്യപിച്ച് ലഹരിക്ക് അടിമപ്പെട്ടപ്പോൾ തന്റെ രാജ്ഞി സർവ്വാഭരണ വിഭൂഷിതയായി രാജസദസ്സിൽ ഹാജരാകുവാൻ ഉത്തരവിട്ടു. അവരുടെ സൗന്ദര്യവും ആർഭാടവും എല്ലാവരുടേയും മുമ്പിൽ പ്രദർശിപ്പിച്ച് അതിഥികളെയെല്ലാം അമ്പരപ്പിക്കുവാനും അതിൽ ആഹ്ലാദിക്കുവാനുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ രാജ്ഞി അതിന് തയ്യാറായില്ല. രാജാവിന്റെ ആജ്ഞ വസ്ഥി നിരസിച്ചതായി രാജദൂതർ അദ്ദേഹത്തെ അറിയിച്ചു. തന്റെ കല്പന ലംഘിച്ച രാജ്ഞിയെ സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നതിനായി, രാജാവ് തന്റെ ആലോചന സമിതിയുടെ അഭിപ്രായം ആരാഞ്ഞു. രാജാവിന്റെ ആജ്ഞ ധിക്കരിക്കുകയും മഹാസദസ്സിനെ അനാദരിക്കുകയും ചെയ്ത രാജ്ഞിയെ പുറത്താക്കണമെന്ന ഉപദേശമാണ് സമിതി നൽകിയത്. അവളെ വേണ്ട വിധം ശിക്ഷിക്കാത്ത പക്ഷം ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ അവരുടെ വാക്കുകളിൽ പ്രകടമായിരുന്നു. മാന്യപുരുഷന്മാരെ അപമാനിച്ച സ്ത്രീയെ ഭ്രഷ്ടയാക്കിയില്ലെങ്കിൽ അവരുടെ മാതൃക മറ്റു സ്ത്രീകളും ഏറ്റെടുത്ത് വലിയ ഭീഷണി സൃഷ്ടിക്കുമെന്നായിരുന്നു അവരുടെ നിഗമനം. രാജ്ഞിയെ പിൻതുടർന്ന് മറ്റു സ്ത്രീകളും തങ്ങളുടെ ഭർത്താക്കന്മാരെ ധിക്കരിച്ച് പുരുഷവർഗ്ഗത്തിന് മൊത്തം അവഹേളനവും മാനഹാനിയും വരുത്തുമെന്നവർ നിരൂപിച്ചു. ആലോചനാ സമിതിയുടെ നിർദ്ദേശം രാജാവ് നടപ്പിലാക്കി. പുതിയ രാജ്ഞിയെ കണ്ടെത്താനുള്ള ഉത്തരവ് ഒട്ടും വൈകാതെ രാജാവ് പുറപ്പെടുവിക്കുകയും ചെയ്തു.

തന്റെ സ്ത്രീത്വത്തിനും അന്തസിനും നിരക്കാത്ത പ്രവൃത്തിയ്ക്ക് രാജ്ഞി സമ്മതിച്ചില്ല. മദ്യപിച്ച് സുബോധം നഷ്ടപ്പെട്ട ഭർത്താവിന്റെ ആജ്ഞ പ്രകാരം ലഹരിക്ക് അടിമപ്പെട്ട സദസ്സിനു മുമ്പിൽ പ്രദർശന വസ്തു ആകാൻ അഭിമാനബോധവും അന്തസ്സും ധാർമ്മികചിന്തയും പുലർത്തിയിരുന്ന ആ സ്ത്രീക്ക് ആകുമായിരുന്നില്ല. ഇപ്രകാരം രംഗത്തുവരാനുള്ള ഭർത്താവിന്റെ ആജ്ഞ അദ്ദേഹത്തിന്റെ ന്യായമായ അവകാശവുമായി പൊരുത്തപ്പെടുന്നതോ ധർമ്മപത്നിയുടെ ആത്മാഭിമാനത്തിനും അന്തസിനും ചേർന്നതോ അല്ല എന്നതായിരുന്നു രാജ്ഞിയുടെ നിലപാട്. ഭാര്യാഭർതൃബന്ധത്തിൽപോലും ജീവിതപങ്കാളിയുടെ വ്യക്തിത്വം നിഷേധിക്കുന്നതിനോ നിലപാടുകൾ അടിച്ചേൽപ്പിക്കുന്നതിനോ ആർക്കും അവകാശമില്ല എന്ന അടിസ്ഥാനവസ്തുത ആലോചനാ സമിതിയുടെ പരിഗണനക്കു വിഷയമാകുന്നതേയില്ല. അവരെ സംബന്ധിച്ചിടത്തോളം ഭാര്യ എന്ന നിലയിൽ ഭർത്താവിനും പ്രജ എന്ന നിലയിൽ രാജാവിനും നിരുപാധികവിധേയത്വമാണ് നീതി എന്ന നിലപാടായിരുന്നു ഉണ്ടായിരുന്നത്. മതവും സാമൂഹ്യവ്യവസ്ഥിതിയും മറയാക്കി അരക്കിട്ടുറപ്പിച്ച പുരുഷാധിപത്യത്തിന്റെ അരങ്ങേറ്റമാണ് ഈ ഭ്രഷ്ട് സംഭവത്തിൽ വെളിപ്പെടുന്നത്.

എന്നാൽ അനീതിയ്ക്ക് ഉപരി ഉപദേശകസമിതിയുടെ ആലോചനയിൽ ഭീതിയും ഉത്കണ്ഠയുമാണ് നിഴലിക്കുന്നത്. സ്ത്രീകൾക്ക് ഞങ്ങളോട് തുല്യത വന്നാൽ തങ്ങളുടെ നിലനിൽപ്പ് അപകടത്തിലാകുമെന്ന ഭയമാണ് പുരുഷന്മാർ ആ വ്യവസ്ഥിതിക്കെതിരെ തിരിയുവാൻ കാരണമാകുന്നത്. ഈ തുല്യതാഭീതിയാണ് സ്ത്രീസ്വാതന്ത്ര്യത്തിനെതിരെ പ്രവർത്തിക്കുവാൻ അവർക്ക് എന്നും പ്രേരകമായിട്ടുള്ളത്. അസ്രനൂറാനിയുടെ ഇതുമായി ബന്ധപ്പെട്ട അഭിപ്രായം കുറിക്കാം. “Men are afraid of losing their power and control in the family, religion and society. So they deny the fundamental human rights and equality to women. They feel threatened and insecure.” ഉപദേശകസമിതിയുടെ തീരുമാനത്തിന് യഥാർത്ഥത്തിൽ അതാണ് അടിസ്ഥാനം. ഒരു സ്ത്രീ അവളുടെ അഭിമാനവും അന്തസും കാക്കുന്നതിനുള്ള ശ്രമത്തിൽ സ്വന്തം ഭർത്താവിന്റെ ആജ്ഞതയ്ക്ക് വഴിപ്പെടാതിരിക്കുന്ന സാഹചര്യത്തിൽ അവൾ ശിക്ഷിക്കപ്പെട്ടില്ലായെങ്കിൽ തങ്ങളുടെ നിലനിൽപ്പ് അപകടത്തിലാകുമെന്ന പുരുഷസമൂഹത്തിന്റെ ആശങ്കയാണ് രാജാവിന്റെ ആലോചനാസമിതിയുടെ ഉപദേശത്തിന്റെ പിന്നാമ്പുറം.

ഭർത്താവോ, ഭരണകർത്താവോ, അല്ലെങ്കിൽ രണ്ടും ചേർന്ന വ്യക്തിയോ, നൽകുന്ന ആജ്ഞ തന്റെ അന്തസിനും വ്യക്തിത്വത്തിനും ചേരുന്നില്ലായെങ്കിൽ അതിന് വിധേയമാകുവാൻ ഉള്ള ബാധ്യത തനിക്കില്ല എന്നതാണ് വസ്ഥിയുടെ പക്ഷം. വ്യക്തിത്വവും ക്രിസ്തീയ മൂല്യബോധവും ഉള്ള ഏതൊരു സ്ത്രീയുടെയും നിലപാട് ഇതുതന്നെ ആയിരിക്കേണ്ടതാണ്. സ്ത്രീ കാഴ്ചവസ്തുവൊ ദാസിയൊ ആയിട്ടല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നേരെ മറിച്ച് ദൈവീകസാദൃശ്യത്തിലും പ്രതിഛായയിലും പുരുഷന് തുല്യയായിട്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്ന ബോധ്യമാണ് ഭർത്തൃകല്പനയുടെ നിരാകരണത്തിനു പിമ്പിൽ പ്രവർത്തിച്ചത് എന്ന് ഓർക്കേണ്ടതാണ്.

ഒരു വ്യക്തി എന്ന നിലയിൽ ആത്മാഭിമാനവും വ്യക്തിത്വവും നിലനിർത്തുന്നതിന് ഒരു സ്ത്രീയ്ക്കുള്ള അവകാശത്തെ നഷ്ടപ്പെടുത്തുന്നത് തന്റെ വ്യക്തിപരമായ ഒരു പ്രശ്നമായിട്ടല്ല വസ്ഥിരാജ്ഞി മനസ്സിലാക്കുന്നത്. നേരെ മറിച്ച് അത് സ്ത്രീവർഗ്ഗത്തോടുതന്നെയുള്ള ഒരു അപരാധവും അക്രമവും ആയിരിക്കുമെന്ന് അവർ തിരിച്ചറിയുന്നു. വിവേകം നഷ്ടമായ ഭർത്താവിന്റെ വിഹിതമല്ലാത്ത ആവശ്യങ്ങൾ നിരാകരിക്കുവാനുള്ള ഉൾക്കരുത്ത് ധിക്കാരമായി കാണേണ്ടതില്ല. അത് സ്ത്രീത്വത്തിന്റെ ചങ്കൂറ്റമായി മനസ്സിലാക്കണം. അതിനു വഴങ്ങുന്ന സ്ത്രീ സമൂഹത്തിൽ തെറ്റായ മാതൃകയായിരിക്കുമെന്ന ബോധ്യം രാജ്ഞിയെ തന്റെ ഭർത്താവിന്റെ ആവശ്യം നിഷേധിക്കുവാൻ പ്രേരിപ്പിക്കുന്നു.

രാജാവിന്റെ ഉപദേശകസമിതിയുടെ ഭയവും അതുതന്നെയാണ്. കുപിതനായ രാജാവിന്റെ മനസ്സറിഞ്ഞ് അദ്ദേഹത്തെ പ്രീതിപ്പെടുത്തുക എന്നതിനുപരി സ്ത്രീകൾ ഈ സ്വാതന്ത്ര്യം കുടുംബങ്ങളിൽ പ്രകടമാക്കും എന്നതാണ് അവരുടെ വിഷയം. ആ നീക്കം തടയുന്നതിനാണ് ശിക്ഷക്ക് ശുപാർശ ചെയ്ത് രാജ്ഞിയെ പുറത്താക്കുന്നത്. പുരുഷാധിപത്യം വർഗ്ഗാവകാശമാണ് എന്നും നിരുപാധികമായ വിധേയത്വവും, അനുസരണവും സ്ത്രീധർമ്മമാണ് എന്നും ധരിച്ച് വശായ പുരുഷ സമൂഹത്തിന്റെ ശാഠ്യവും നിർബന്ധബുദ്ധിയുമാണ് ഉപദേശകസമിതിയുടെ അഭിപ്രായപ്രകടനത്തിലും രാജാവിന്റെ തുടർനടപടിയിലും പ്രതിഫലിക്കുന്നത്.

യഥാർത്ഥത്തിൽ പുരുഷാധിപത്യത്തിന്റെ മുഖത്ത് വെള്ളിടി ഏൽപ്പിച്ച അനുഭവമാണ് രാജ്ഞിയുടെ പ്രതികരണം ഉളവാക്കിയത്. ശക്തമായ സ്ത്രീപക്ഷത്തെ പ്രകടിപ്പിച്ച ഈ വേദപുസ്തക കഥാപാത്രത്തിനെ തികച്ചും നീതിപൂർവ്വകമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് എന്ന് പറഞ്ഞുകൂടാ. എങ്കിൽ തന്നെ അവരുടെ നിലപാടും അവരുടെ വ്യക്തിത്വവും, ആദർശധീരതയുമുള്ള ഒരു സ്ത്രീയായി അവരെ കണ്ടെത്തുവാൻ ഈ വേദഭാഗത്തിന്റെ പുനർവായന സഹായിക്കുന്നു. മദ്യലഹരിയിൽ സമനിലതെറ്റിയ ഭർത്താവിന്റെ ആഗ്രഹപ്രകാരം മദ്യപന്മാരുടെ മുമ്പിൽ വേഷംകെട്ടി സ്ത്രീത്വത്തെ അപമാനിക്കുവാൻ തന്നെ കിട്ടില്ല എന്നു വസ്ഥിയുടെ ഉറച്ച നിലപാടിനു മുമ്പിൽ ഉടഞ്ഞു വീഴുന്നത് ആൺകോയ്മയുടെ ‘മിത്ത്’ ആണ്.

ഇവിടെ രാജ്ഞിയുടെ പ്രതിരോധം രാജാവിന്റെ മനസ്സിനേല്പിച്ച ആഘാതം ചെറുതായിരിക്കുകയില്ല. അവർ ശരിയായ സ്വയബോധവും, വ്യക്തിത്വവുമുള്ള ഒരു സ്ത്രീയാണ് ഒരുപക്ഷേ വ്യക്തി ഗാർഹിക ജീവിതത്തിൽ രാജാവ് അനുഭവിച്ചുവന്ന അപകർഷതാബോധമായിരിക്കണം മദ്യപിച്ച് ലക്കുകെട്ടവരുടെ മദ്ധ്യത്തിൽ ഭാര്യയെ വേഷം കെട്ടിച്ച് കൊണ്ട്വന്ന് അപമാനിക്കുവാനുള്ള ശ്രമത്തിന് പ്രേരകമായത് എന്ന് സംശയിക്കണം. കാരണം സ്വകാര്യജീവിതത്തിൽ ചെറുത്തുനില്പ് സാധിക്കും. എന്നാൽ ഒരു വലിയ സദസ്സിനു മുൻപിൽ രാജകല്പന അനുസരിക്കുവാനുള്ള സമ്മർദ്ദം വലുതായിരിക്കും. ആ സാഹചര്യത്തിൽ വസ്ഥി തന്റെ കല്പന കൃത്യമായി അനുസരിക്കുമെന്ന് രാജാവ് കണക്കുകൂട്ടിയിരിക്കണം. അതായത് രാജ്ഞിയുടെ സ്വത്വബോധവും അവളുടെമേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള രാജാവിന്റെ കുറുക്കുവഴിയും ആയിരിക്കണം അവിടെ ഏറ്റുമുട്ടിയത്.

അന്നും ഇന്നും ഉള്ള പുരുഷലോകത്തിന്റെ പൊതുസ്വഭാവമാണ് അഹശ്വരേശിന്റേത്. അതുകൊണ്ട് അതിനെ തിരുത്താൻ വേണ്ടി വസ്ഥി രാജ്ഞി സ്വീകരിച്ച മാർഗ്ഗം ശരി

യെന്ന് സ്ത്രീലോകം എന്നും തിരിച്ചറിയേണ്ടതാണ്. രൂത്തിനേയും എസ്ഥേറിനെയുമെല്ലാം സ്ത്രൈണ ഗുണങ്ങളുടേയും സ്ത്രീ സ്വത്വത്തിന്റെയും ഉദാത്ത മാതൃകകളായി കണ്ടെത്തുന്നവർ വസ്ഥിയെ ആവിധം കാണാതെപോകുന്നതിന്റെ യുക്തി അവർ മിഥ്യയും അന്യായവുമായ പുരുഷാധിപത്യത്തെ അംഗീകരിച്ചില്ല എന്നതാണ്. ആധിപത്യവും, മദ്യാസക്തിയും, അഹന്തയും പുരുഷസമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ രാജ്ഞിയുടെ നിലപാടിന് ഇന്നും ഏറെ സാംഗത്യമുണ്ട്. ഉറച്ചനിലപാടുകൾ ഉള്ള സ്ത്രീകൾക്ക് സ്വൈര്യമായും ആത്മാഭിമാനത്തോടെയും കഴിയുവാനുള്ള സ്വാതന്ത്ര്യം ഇന്നും കൈവന്നിട്ടുണ്ട് എന്ന് തോന്നുന്നില്ല. പുരുഷന്റെ ആജ്ഞ സ്ത്രീ ധിക്കരിക്കുന്നത് അയാൾക്ക് ഒരിക്കലും സഹിക്കാനാവില്ല. തങ്ങളുടെ അധികാര-ആധിപത്യസമീപനം ധിക്കരിക്കുന്ന സ്ത്രീകളെ അംഗീകരിക്കാനും അവർക്ക് കഴിയില്ല. അതുകൊണ്ട് വലിയ അലോസരം ഇല്ലാതെ ജീവിക്കുവാനായി പുരുഷന്മാരെ പ്രീണിപ്പിച്ചും അവരുടെ ഇംഗിതങ്ങൾക്ക് വഴിപ്പെട്ടും അധികം സ്ത്രീകളും കഴിഞ്ഞുകൂടുകയാണ്. സ്വന്തം വ്യക്തിത്വം പണയപ്പെടുത്തിയോ ബലികഴിച്ചോ ആണ് സ്ത്രീ, ഭാര്യ, മകൾ, മരുമകൾ, സഹോദരി, സഹപ്രവർത്തക എന്നീ വിവിധ നിലകളിൽ ജീവിക്കുന്നത് സമൂഹത്തിൽ ഒരു പൗരി എന്ന നിലയിലോ സഭയിൽ ഒരു വിശ്വാസിനി എന്ന നിലയിലോ പൂർണ്ണ സ്വാതന്ത്ര്യാവകാശങ്ങളോടെയല്ല സ്ത്രീ കഴിയുന്നത്.

എന്നാൽ ഭർത്താവുൾപ്പെടെയുള്ള പുരുഷന്മാരുടെ തെറ്റുകളും വൈകൃതങ്ങളും തിരുത്തുവാനുള്ള ബാധ്യതയും, ചുമതലയും തങ്ങൾക്ക് ഉണ്ട് എന്ന ചിന്ത സ്ത്രീകൾക്ക് വിസ്മരിക്കാനാവില്ല. ചെറുത്തുനില്പും തിരുത്തൽ ശ്രമവും ഉണ്ടായില്ലെങ്കിൽ പുരുഷാധിപത്യം ഇതേവിധം തുടരുകതന്നെ ചെയ്യും. എന്നാൽ തിരുത്തൽശ്രമത്തിന് കൊടുക്കേണ്ടിവരുന്ന വില പലപ്പോഴും വലുതായിരിക്കും. അതു ഭയന്ന് പുരുഷാധിപത്യവുമായി പൊരുത്തപ്പെട്ടുപോകുകയാണ് പതിവ്. പുരുഷൻ കല്പിക്കുന്നത് അതേപടി ചെയ്യുന്നതാണ് സ്ത്രീധർമ്മം എന്ന ധാരണയുമായി ജീവിക്കുകയാണ് എളുപ്പം. സ്വന്തം വ്യക്തിത്വവും ജീവിതവും അടിമപ്പെടുത്തി കഴിഞ്ഞുകൂടുന്നതിൽ അർത്ഥമില്ല എന്ന തിരിച്ചറിവിലേയ്ക്ക് അധികം സ്ത്രീകളും വരുന്നില്ല. വസ്ഥിരാജ്ഞി രാജാവിന്റെ ആജ്ഞ ധിക്കരിച്ചതുകൊണ്ട് അവർക്ക് ഭാര്യാസ്ഥാനവും രാജ്ഞിപദവിയും നഷ്ടപ്പെട്ടു. തല പോകാത്തതുതന്നെ ഭാഗ്യം. എന്നാൽ ഇവയെല്ലാം നിലനിർത്തി തന്റെ അടിസ്ഥാന സ്വാതന്ത്ര്യാവകാശങ്ങൾ അപകടപ്പെടുത്തി ജീവിക്കുന്നതിൽ അവൾ അർത്ഥം കാണുന്നില്ല. തന്റെ ന്യായമായ സ്വാതന്ത്ര്യവും അഭിമാനവും വ്യക്തിത്വവും ധാർമ്മികതയും കാത്ത് എളിയ ജീവിതം നയിക്കുന്നതിലാണ്. വസ്ഥി മാന്യത കണ്ടെത്തുന്നത്. മറ്റുള്ളവരുടെ മുമ്പിൽ ഉപഭോഗ പ്രദർശനവസ്തുവായി പരിണമിക്കുന്നതിൽ ഭേദം സ്ഥാനനഷ്ടമാണെന്ന ചിന്തയാണ് അവൾക്കുള്ളത്. എന്താണ് അർത്ഥവത്തായ ജീവിതമെന്ന തിരിച്ചറിവാണ് വസ്ഥി സ്ത്രീ സമൂഹത്തിനു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളിയും പ്രകടിപ്പിക്കുന്ന മാതൃകയും. സ്ത്രൈണഭാവരൂപങ്ങൾക്ക് വർദ്ധിതമായ ആസ്വാദനമുള്ള ഇന്നത്തെ ഉപഭോഗ സമൂഹത്തിന്റെ മൂല്യങ്ങളോട് പൊരുത്തപ്പെടാതെ ചെറുത്തുനില്ക്കുവാൻ പ്രേരണ നൽകുന്ന വസ്ഥിയുടെ മാതൃക യഥാർത്ഥത്തിൽ സുവിശേഷമായി പരിഗണിക്കാവുന്നതാണ്.

പുരുഷന്റെ ആധിപത്യസംസ്കാരവും മേൽക്കോയ്മാ മനോഭാവവും നിലനില്ക്കുന്നതിന് ഒരു ചരിത്രപശ്ചാത്തലം ഉണ്ട് എന്ന് വിസ്മരിക്കുന്നില്ല. അതുകൊണ്ട് അത് പൊടുന്നനെ പൊളിച്ചെഴുതാമെന്ന വ്യാമോഹവും വേണ്ട. എന്നാൽ അതിന്റെ പേരിൽ നിലനില്ക്കുന്ന രീതി സാധൂകരിക്കാൻ ന്യായമൊന്നുമില്ല. അത് മാറ്റിയെടുത്തേ തീരൂ. അതിനായി മനുഷ്യമനസിനും, സമൂഹമനഃസാക്ഷിയ്ക്കും മാറ്റം വരണം. വസ്ഥിയെപ്പോലുള്ള സ്ത്രീകൾ അതിന് ആവശ്യമാണ്. പൗരുഷം എന്നു പറയുന്നത് ആണിന്റെ ശൗര്യവും വീറും ഒന്നുമല്ല, നേരെ മറിച്ച് സ്ത്രീയുടെ തുല്യത അംഗീകരിച്ച് മാന്യമായി പെരുമാറുന്നതാണ് എന്ന ചിന്ത സൃഷ്ടിക്കപ്പെടണം.

അതുപോലെ സ്ത്രീരക്ഷയുടെ പേരിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുന്നതും യഥാർത്ഥത്തിൽ സുരക്ഷിതമല്ല. പുരുഷമേല്ക്കോയ്മയും ആധിപത്യവും നിലനിർത്തുന്നതിനുള്ള തന്ത്രമായി സ്ത്രീകൾ അത് തിരിച്ചറിയണം. സ്ത്രീകളുടെ സ്വയംരക്ഷയ്ക്ക് മാനസികവും കായികവുമായ ശക്തീകരണമാണ് ആവശ്യം. ഒപ്പം തന്നെ പുരുഷന്മാരുടെ സംസ്ക്കരണവും. സ്ത്രീശാക്തീകരണമാണ് സ്ത്രീസുരക്ഷയുടെ അനിവാര്യനടപടിയെന്ന തിരിച്ചറിവുണ്ടാകണം.

പുരുഷന്റെ ഭീതിയും അതിൽ നിന്ന് ഉത്ഭവിക്കുന്ന ഹിംസാത്മകതയും നേരിടാൻ വസ്ഥിരാജ്ഞിയ്ക്ക് കഴിഞ്ഞത് അവരുടെ സ്വത്വബോധവും സ്വന്തം വ്യക്തിത്വത്തെപ്പറ്റിയുള്ള തിരിച്ചറിവും തന്റെ വ്യക്തിപരമായ കീഴടങ്ങൽ സ്ത്രീവർഗ്ഗത്തിന് ദുർമാതൃകയാകും എന്ന ചിന്തയുമാണ്. ഈ സ്വയാവബോധം നഷ്ടപ്പെട്ടാൽ സ്ത്രീകൾക്ക് ലഭിക്കുന്നത് നിത്യഅടിമത്തമാകും. ഭാവിനേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ നഷ്ടങ്ങൾ സഹിക്കാൻ തയ്യാറായാൽ മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാകൂ. ഇതിനാവശ്യമായ ആദ്ധ്യാത്മീകതയും വേദശാസ്ത്രവും സൃഷ്ടിക്കാൻ സഭയ്ക്കും സാധ്യമാകണം.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ലേഖനം

# പ്രകാശത്തിൽ നിന്ന് അന്ധകാരത്തിലേക്ക്

ജോണി ജോർജ് കോർ എപ്പിസ്കോപ്പ

മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ മരുഭൂമിയിൽ ജീവിതം നയിച്ചിരുന്ന അനേകം സന്യാസി ശ്രേഷ്ഠന്മാരുണ്ടായിരുന്നു, ആദിമ നൂറ്റാണ്ടുകളിൽ. ക്രിസ്തുവിനുവേണ്ടി ജീവിതത്തിൽ എല്ലാ ഭൗതികസുഖങ്ങളും ത്യജിച്ചവരായിരുന്നു അവർ. ഡസേർട്ട് ഫാദേഴ്സ് (Desert Fathers) എന്ന പേരിലാണ് അവർ അറിയപ്പട്ടിരുന്നത്. 4-ാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ ജീവിച്ചിരുന്ന വിശുദ്ധനായിരുന്നു വി. സെറാപ്യോൻ ദി സിൻഡോനൈറ്റ്. (St. Serapion the Sindonite) റോമിലേക്ക് അദ്ദേഹം ഒരു തീർത്ഥയാത്ര നടത്തി. അവിടെ ഒരു ചെറിയ മുറിയിൽ ഏകാന്തവാസം നയിച്ചിരുന്ന ഒരുസ്ത്രീയെപ്പറ്റി അദ്ദേഹം കേട്ടു. ഒരിക്കലും അവർ മുറിക്ക് പുറത്തിറങ്ങിയിരുന്നില്ല. വി. സെറാപ്യോൻ അവരെ കാണാൻ ചെന്നു. അദ്ദേഹം ചോദിച്ചു. "നിങ്ങളെന്തിനാണ് ഇവിടെ ഇങ്ങനെ ഇരിക്കുന്നത്?" അവരുടെ മറുപടി ഇങ്ങനെയായിരുന്നു. "ഞാനിവിടെ വെറുതെ ഇരിക്കുകയല്ല, ഞാൻ ദീർഘമായൊരുയാത്രയിലാണ്. അതെ, അവർ ദൈവത്തെ കണ്ടെത്താനുള്ള ദീർഘയാത്രയിലായിരുന്നു. ബഹുദൂരം ഇനിയും പിന്നിടാനുണ്ട്. പ്രാർത്ഥന, വായന, ഉപവാസം, ധ്യാനം, മൗനം ഇവയിൽ കൂടിയെല്ലാം ദൈവത്ത കണ്ടെത്താനുള്ള യാത്ര."

യേശുക്രിസ്തു പറഞ്ഞു. 'ഞാൻ വഴിയാണ്'. ആദിമ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നത്. 'മാർഗ്ഗവാസികൾ.' എന്ന പേരിലായിരുന്നു. ആദ്ധ്യാത്മികമായ വഴിയിൽ ശ്രമകരമായ യാത്ര നടത്തിയവരായിരുന്നു അവർ. പഴയ നിയമ കാലത്ത് ജീവിച്ചിരുന്ന മൂന്നുപേരുടെ ആദ്ധ്യാത്മിക ജീവിതമാതൃക ഇവിടെപകർത്തുന്നത് പ്രയോജനകരമായിരിക്കും അബ്രാഹാം, മോശ, യാക്കോബ് എന്നിവരാണവർ. അബ്രഹാമിനോട് യഹോവയായ ദൈവം അരുളി ചെയ്തു. നീ നിന്റെ ദേശത്തെയും പിതൃവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻനിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്ക് പോക. (ഉല്പത്തി 12:1) പൂർണ്ണമായും പിഴുതെറിയുന്ന ഒരു വിളി. അറിയുന്ന ദേശത്തേയും പ്രിയപ്പെട്ടവരെയും വിട്ട് യഹോവ കാണിച്ചു കൊടുക്കുന്ന ഒരു ദേശത്തേക്ക് പോകാനുള്ള ദൈവവിളി. ദൈവം പോകാൻ പറഞ്ഞു. അബ്രാഹം പോയി. പ്രകാശമാനമായിരുന്ന ഒരുലോകത്തു നിന്ന് അന്ധകാരാവൃതമായ ഒരു ലോകത്തേക്ക് പോകാനുള്ള ആഹ്വാനമായിരുന്നു അത്. ഇന്ന് കാണുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങൾ നേരിട്ടറിവുള്ളവയാണ്. യഹോവ കാണിപ്പാനിരിക്കുന്ന ദേശം എങ്ങനെയുള്ളതായിരിക്കും?

മോശയ്ക്ക് ദൈവം നൽകുന്നത് മൂന്ന് ദർശനങ്ങളാണ്. ഒന്നാമത്തേത് മുൾപ്പടർപ്പിലേത് (പുറ.3:2). രണ്ടാമത് പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും (Pillar of cloud and fire) സുക്കോത്തിൽ നിന്ന് മരുഭൂമിയിൽ കൂടിയുള്ള യാത്രയിൽ യിസ്രായേൽജനത്തിന് വഴികാട്ടിയായിരുന്നു. (പുറ. 13.21) മൂന്നാമത്തേത് സീനായി മലയിൽ വച്ച് ദൈവം കനത്ത ഇരുട്ടിൽ നിന്ന് (thick darkness) മോശയോട് സംസാരിക്കുന്നതാണ് (പുറ. 20:11). മോശയുടെ യാത്ര ഇരുളിനെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. അവിടെയാണ് ദൈവം മോശയോട് സംസാരിക്കുന്നത്.

സ്വാർത്ഥപരമായ ലക്ഷ്യമായിരുന്നു യാക്കോബിനുണ്ടായിരുന്നതെങ്കിലും ബേർ-ശേബയിൽ നിന്ന് പുറപ്പെട്ട് ഹാരാനിലേക്കുള്ള വഴിയിൽ അവന് ദൈവിക ദർശനമുണ്ടായി. വഴിയിൽ ഒരു സ്ഥലത്ത് രാപാർക്കുമ്പോൾ സ്വർഗ്ഗത്തോളം എത്തുന്ന ഗോവണിയും അതിൽ കയറിയിറങ്ങുന്ന ദൈവദൂതന്മാരേയും അവൻ കണ്ടു. "ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്, പോകുന്നേടത്തൊക്കെയും നിന്നെ കാക്കും" എന്ന ദൈവത്തിന്റെ അരുളപ്പാടും അവനുണ്ടായി. അവിടെ ഒരു കല്ല് തൂണായി നിർത്തി. അതിൽ എണ്ണ ഒഴിച്ചു. അത് ദൈവത്തിന് ആലയമായിത്തീരുമെന്നവൻ പ്രഖ്യാപിച്ചു. അതുവരെ ലൂസ് എന്നറിയപ്പെട്ടിരുന്ന ആ സ്ഥലം ബേഥേൽ ആയി., (ഉല്പ. 28:10-22)

ഉല്പത്തി 32-ാം അദ്ധ്യായത്തിൽ ദൈവപുരുഷനുമായി ആറ്റരികിൽ രാത്രി സമയത്ത് ഉഷസ്സാകുവോളം (ഇരുട്ടിനെ അശേഷം മാറ്റിക്കളയുന്നത് എന്നാണ് ഈ വാക്കിന്റെ അർത്ഥം). മൽപ്പിടുത്തം നടത്തി ജിയിക്കുന്ന യാക്കോബിനെ നാം കാണുന്നു. ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ച് ജയിച്ചതുകൊണ്ട് അവൻ 'യിസ്രായേൽ' ആയി. അവിടെവച്ച് അവൻ ദൈവത്തെ മുഖാമുഖമായി കാണുകയായിരുന്നു. (ഉല്പത്തി 32:30).

ആത്മീയ യാത്രയിൽ മോശയുടേയും അബ്രഹാമിന്റേയും യാക്കോബിന്റെയും അനുഭവങ്ങൾ നമുക്ക് വലിയ പാഠമാണ് നൽകുന്നത്. ഭാഗികമായി അറിയുന്നതിൽ നിന്ന് കൂടുതലായി അറിവിന്റെ വെളിച്ചത്തിലേക്കുള്ള പ്രയാണത്തിൽ നാം ഒരു കാര്യം മനസ്സിലാക്കുന്നു. നാം വളരെ കുറച്ചേ അറിയുന്നുള്ളു. എല്ലാറ്റിനും യുക്തിപരമായ അർത്ഥം കണ്ടെത്താൻ ശ്രമിക്കുക എന്നുള്ളതല്ല, മറിച്ച് നിഗൂഢമായിരിക്കുന്നതിനെ കൂടുതലായി അറിയാൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്. ദൈവത്തേയും ദൈവത്തിന്റെ വഴികളേയും

നാം പൂർണ്ണമായി അറിയുന്നില്ല. യാക്കോബ്പറയുന്നത് ശ്രദ്ധിക്കുക. "യഹോവ ഈ സ്ഥലത്തുണ്ട്. സത്യം, ഞാനോ അതറിഞ്ഞില്ല" (ഉല്പത്തി 28:16)., സങ്കീർത്തനക്കാരൻ പറയുന്നു "ഞങ്ങളുടെ കർത്താവായ യഹോവേ നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു" (majestic, excellent and wonderful എന്ന് ഇംഗ്ലീഷ് പരിഭാഷ) (സങ്കീ 8:1) നിസ്സായിലെ വി. ഗ്രീഗോറിയോസ് പറയുന്നു. ദൈവത്തിന്റെ നാമം അറിയപ്പെടുന്നില്ല, നാമതിൽ അത്ഭുപ്പെടുക മാത്രം ചെയ്യുന്നു. (God's name is not known; it is wondered at.) ആറ്ററികത്ത് വച്ച് മൽപിടുത്തം നടത്തുന്ന പുരുഷനോട് യാക്കോബ് അവന്റെ പേർ എന്ത് എന്ന് ചോദിക്കുമ്പോൾ ഉത്തരം ഇതായിരുന്നു. നീ എന്റെ പേർചോദിക്കുന്നത് എന്ത്?(ഉല്പത്തി 32:29). ദൈവത്തിന്റെ സ്വഭാവത്തെയും ശക്തിയേയും വഴികളേയും മനുഷ്യർക്ക് പൂർണ്ണമായി അറിയാൻ പാടില്ല എന്നാണല്ലോ ഈ ചോദ്യത്തിന്റെ അർത്ഥം.

ഗ്രീക്കുഭാഷയിലെ (mysterion) എന്ന വാക്ക് (mystery) എന്നാണ് ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെടുക. രഹസ്യം എന്ന് മലയാളത്തിൽ അർത്ഥം കൊടുത്തു കാണുന്നു. എന്നാൽ കുറെക്കൂടി ആഴമായ അർത്ഥമാണ് അതിനുള്ളത്. മറഞ്ഞിരിക്കുന്ന അവസ്ഥ എന്നു മാത്രമല്ല അതിനെ വെളിപ്പെടുത്തുക എന്നു കൂടി ഈ വാക്കിനർത്ഥമുണ്ട്. (Not only hiddenness but also disclosure) Mysterion, myein എന്ന ക്രിയാപദവുമായി ബന്ധപ്പെട്ടതാണ്. കണ്ണോ വായോ അടയ്ക്കുക (to close the eyes or mouth) എന്നർത്ഥം നിഗൂഢ മതങ്ങ (Mystery Religions) ളിൽ ചേർക്കുന്നവരെ ആദ്യം കണ്ണുകെട്ടി വളഞ്ഞുതിരിഞ്ഞുപോകുന്ന വരാന്തയിൽ കൂടി നടത്തുമായിരുന്നു. അവസാനം മതപരമായ കർമ്മാനുഷ്ഠാനങ്ങളുടെ അർത്ഥവും വ്യാപ്തിയും വിശദമാക്കുന്ന പടങ്ങളും രൂപങ്ങളുമെല്ലാം നിറഞ്ഞുനിൽക്കുന്ന സ്ഥലത്തെത്തുമ്പോൾ കണ്ണിന്റെ കെട്ടഴിക്കുമായിരുന്നു. ചുറ്റുപാടുമുള്ള കാഴ്ച കാണുമ്പോൾ അതുവരെ അറിയപ്പെടാതിരുന്ന അനേക സത്യങ്ങൾ വെളിപ്പെട്ടുവരും. പ്രകാശത്തിൽനിന്ന് അന്ധകാരത്തിലേക്കും ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കുമുള്ള പ്രയാണത്തിൽ കൂടിയാണ് മതത്തിന്റെ പഠിപ്പിക്കലിനെപ്പറ്റിയുള്ള തിരിച്ചറിവുണ്ടാവുക.

പ്രാർത്ഥനയ്ക്കായി നിൽക്കുമ്പോൾ സാധാരണ., ഇടയ്ക്കിടയ്ക്ക് നാം കണ്ണടക്കാറുണ്ട്. ബാഹ്യമായത് കാണാതിരിക്കാനും ആന്തരികമായി ദൈവസാന്നിദ്ധ്യം അനുഭവിക്കാനുമാണല്ലോ അത്. കണ്ണുതുറക്കുമ്പോൾ വീണ്ടും നമ്മൾ പ്രകാശം കാണുന്നു. ദൃശ്യവും അദൃശ്യവുമായ മേഖലകളിൽ ദൈവിക ചൈതന്യം കാണുകയാണ്. ദൈവം 'ഇരിക്കുന്ന ഇരുളിൽ' നിന്ന് ലോകത്തിന്റെ പ്രകാശമായ (light) വെളിച്ചത്തിലേക്കു ഒരു ഇറങ്ങിവരവാണ് അപ്പോൾ സംഭവിക്കുന്നത്. അവിടെ ദൈവത്തിന്റെ സ്വഭാവത്തേയും ആളത്തത്തെയും കണ്ടെത്താൻകൂടി വിശ്വാസി ശ്രമിക്കണം. •

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

വാതിലിൽ മുട്ടിവിളിച്ചിറക്കി വെടിവെച്ചു കൊല്ലുക, ഇതൊക്കെ ചെയ്യുന്നവർ മുടിയനായ പുത്രനേക്കാൾ എത്രയോ ശപ്തമായ മരണത്തിനിരയായവരാണ്. വിമാനം മുതൽ ശവപ്പെട്ടി വരെ വാങ്ങുന്നതിൽ കമ്മീഷൻ കൊള്ള. സ്പോർട്സ് തൊട്ട് ജുഡീഷ്യറിവരെ സർവ്വരംഗങ്ങളും അഴിമതി ജഡിലം. പ്രവൃത്തി സമയത്തിൽ പകുതിപോലും സ്വന്തം ഇരിപ്പിടങ്ങളിൽ കാണാത്ത ഉദ്യോഗസ്ഥർ തുടങ്ങി രാജ്യത്തെ നിയമനിർമ്മാണ സഭകളിൽ മിനിമംഹാജർ തികയാത്ത ജനപ്രതിനിധികൾ വരെ മുഴുവൻ ശമ്പളവും ബത്തയും പറ്റുന്നു, വർദ്ധനവിനു സമരസന്നാഹമൊരുക്കുന്നു. എവിടെയാണ് മരിക്കാത്ത മനുഷ്യരുള്ളത്!


ഇങ്ങനെ മരിച്ചവരെ ഉയിർപ്പിക്കുക എന്ന അതീവശ്രമകരമായ ദൗത്യമാണ് ക്രിസ്തു തന്റെ ശിഷ്യന്മാരെ ഏൽപിച്ചിരിക്കുന്നത്. അതാല്ലാതെ ശവക്കുഴികളിൽ അന്ത്യവിശ്രമം കൊള്ളുന്നവരെയല്ല: ഓടിനടന്ന് ആക്രമവും, അഴിമതിയും, അനീതിയും പ്രവർത്തിക്കുന്ന മരിച്ചവരെത്തന്നെ! അതിനുള്ള വഴികളാണ് സഭ തേടേണ്ടത്. നടപടികളാണ് സ്വീകരിക്കേണ്ടത്. ക്രിസ്തു തന്റെ ശിഷ്യന്മാരെ സുവിശേഷ പ്രചാരണത്തിനു നിയോഗിക്കുമ്പോൾ 'ജാതികൾക്കിടയിൽ പ്രവേശിക്കാതെ' എന്ന് പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. സ്വജനങ്ങൾക്കിടയിൽ തന്നെയാണ് ഈ പുനരുദ്ധാരണ-പുനർജീവന ശ്രമങ്ങളെല്ലാം നിർവ്വഹിക്കപ്പെടേണ്ടതെന്ന് സാരം. അല്ലാത്തപക്ഷം പ്രശ്നസാധ്യത കർത്താവു കാണുന്നു.സഭയിൽ തന്നെ ചരമപൂർവ്വമരണം പ്രാപിച്ചവരെ ഉയിർപ്പിച്ച് സത്ജീവിതത്തിലേക്ക് തിരികെ എത്തിക്കുമ്പോൾ അതു കാണുന്ന ഇതര മതവിഭാഗങ്ങളും അതനുകരിക്കാൻ ശ്രമിക്കുകയും ദൈവമഹത്വം കണ്ടെത്തുകയും ചെയ്യും. അതാണ് നിശബ്ദവും നിരൂപദ്രവകരവുമായ സാമൂഹ്യ വിപ്ലവം. അതു സംഭവിക്കുമ്പോഴാണ് മരിച്ചവരെ ഉയിർപ്പിക്കുക എന്ന ക്രിസ്തു നിയോഗം സഭ സഫലമാക്കുന്നത്.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | – 100 രൂ. |
| ആയുഷ്ക്കാലം | – 1000 രൂ. |
| വിദേശത്ത് | – 6000 രൂ. (100 ഡോളർ) |



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**അടുത്ത കാലത്ത് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിൽ ഉണ്ടായ സംഭവവികാസങ്ങളെ തിരുമേനി എങ്ങനെ വിലയിരുത്തുന്നു? പാത്രിയർക്കീസ് ബാവയുടെ ഇടപെടൽ വളരെ നന്നായി എന്ന അഭിപ്രായം പൊതുവെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നു തോന്നുന്നല്ലോ?**

ഒരു സഭയുടെ ഭരണപരവും ദൗത്യപരവും ആയ നിലനില്പിന് ആവശ്യമായ സ്വാതന്ത്ര്യം തങ്ങളുടെ സ്വാർത്ഥലക്ഷ്യങ്ങൾ നേടുന്നതിനായി ഉപേക്ഷിച്ച ഒരു സഭയിൽ സ്വഭാവികമായി സംഭവിക്കുന്ന കാര്യമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇതു മുമ്പും നടന്നിട്ടുണ്ട്. ഭാവിയിൽ ആവർത്തിക്കപ്പെടുകയും ചെയ്യും. ഇപ്രകാരം നടന്നതിൽ അസ്വാഭാവികത ഒന്നുമില്ല.

**സംഗതി വ്യക്തമായില്ലല്ലോ. ഒരു വിശദീകരണം നൽകുമൊ?**

സഭാക്കേസിൽ 1995-ൽ ഉണ്ടായ സുപ്രീംകോടതി വിധിക്കുശേഷം സഭയിൽ സമാധാനം സ്ഥാപിക്കുവാനുള്ള സാധ്യത തെളിഞ്ഞപ്പോൾ തങ്ങൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സർവ്വാധിപത്യത്തിൻ കീഴിൽ ഒരു സഭയായി നിലനില്ക്കണം എന്ന അഭ്യർത്ഥന പ്രകാരമാണ് പാത്രിയർക്കീസ് പുതിയ സഭയ്ക്ക് അംഗീകാരം നൽകിയത്. അതിൻപ്രകാരം ആ സഭയുടെമേൽ സർവ്വ അധികാരങ്ങളും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിക്ഷിപ്തമാണ്. മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്, വാഴിക്കൽ, സ്ഥലംമാറ്റം, ശിക്ഷാനടപടികൾ എന്നിവയും മൂറോൻ കൂദാശയുമെല്ലാം അദ്ദേഹത്തിന്റെ അധികാരങ്ങളിൽപ്പെടുന്നു. അതേസമയം സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടന പ്രകാരം ഇവിടത്തെ യാക്കോബായ സമൂഹം ആ സഭയിലെ ഒരു അതിഭദ്രാസനം മാത്രമാണ്. ഇവിടത്തെ ശ്രേഷ്ഠകാതോലിക്കാ എന്നത് സ്വതന്ത്ര ഭരണാവകാശസാധ്യത ഇല്ലാത്ത ഒരു titular സ്ഥാനി മാത്രമാണ്. ഈയൊരു സംവിധാനത്തിൽ നിലനില്ക്കുന്ന ഇവിടത്തെ കാതോലിക്കയൊ മെത്രാന്മാരൊ സംവിധാനം ലംഘിച്ചാൽ പാത്രിയർക്കീസ് ഇടപെടും, ഇടപെടാം എന്നതാണ് ഞാൻ പറഞ്ഞത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ളതും നിരുപാധികവും അനിയന്ത്രിതവുമായ അധികാരം നിലനിർത്തണം എന്നാവശ്യപ്പെടുന്ന ഈ സഭയിൽ അധികാരം ഇവിടത്തെ ശ്രേഷ്ഠ കാതോലിക്കാ സ്വയം ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായി നടക്കുന്ന പ്രത്യാഘാതമാണ് പാത്രിയർക്കീസിന്റെ ഇടപെടൽ. അടുത്തകാലത്ത് ശ്രേഷ്ഠ കാതോലിക്ക ചില മെത്രാന്മാരെ സ്ഥലംമാറ്റിയപ്പോഴും ഈയിടെ ഒരു മേൽപ്പട്ടക്കാരനെ പുറത്താക്കിയപ്പോഴുമെല്ലാം നടന്ന മേൽനടപടികൾ സാധാരണം മാത്രമാണ്. അധികാരമില്ലാത്തയാൾ അധികാരപ്രയോഗത്തിന് മുതിർന്നാൽ അധികാരി ഇടപെടും എന്നത് സ്വാഭാവികവും കേവല ന്യായവുമാണ്.

**ഇതിനുമുമ്പും ഇപ്രകാരമുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ടോ?**

തീർച്ചയായും. 1975-ൽ മലങ്കരയിൽ ശ്രേഷ്ഠ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടശേഷമുള്ള ചരിത്രത്തിൽ ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കഥാപാത്രങ്ങൾ മാറുന്നു എന്നുമാത്രം. അന്ന്, കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കായും പാത്രിയർക്കീസുമായിട്ടായിരുന്നു ഭിന്നത. ഇടയ്ക്കുനിന്ന് പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരുന്നത് അന്നു മെത്രാനായിരുന്ന ഇന്നത്തെ ശ്രേഷ്ഠ കാതോലിക്കയും. അന്നത്തെ ശ്രേഷ്ഠബാവ സ്ഥാനലബ്ധിക്കായി എഴുതിക്കൊടുക്കേണ്ടിവന്ന വിധേയത്വപത്രത്തെ അദ്ദേഹം തന്നെ പിന്നീട് വിശേഷിപ്പിച്ചത് 'ഒരു യജമാനന് അടിമ എഴുതി സമർപ്പിക്കേണ്ടിവന്ന ബന്ധരേഖ' എന്നാണ്. ഇത്തരം ഒരു ബന്ധം സൃഷ്ടിച്ചശേഷം സ്വയംഭരണത്തിന് ശ്രമിച്ചാൽ അതു സാധ്യമാകുമൊ? പാത്രിയർക്കീസ് ഭരിച്ചാലേ ആത്മരക്ഷ ലഭിക്കൂ എന്നു വിശ്വസിക്കുന്നവർ പിന്നെയെന്തിനാണ് അധികാരപ്രയോഗത്തിന് കച്ചകെട്ടുന്നത്? ഇവിടെനിന്ന് എഴുതിക്കൊടുത്തിട്ടുള്ള വിധേയത്വപത്രവും ശീമക്കാരുടെ ഭരണഘടനയും പ്രകാരം ഇവിടത്തെ യാക്കോബായ സമൂഹത്തിന്റെ പങ്കാളിത്തരാഹിത്യവും സിനഡിന്റെയും ശ്രേഷ്ഠ കാതോലിക്കായുടെയും അധികാരശൂന്യതയും തിരിച്ചറിഞ്ഞ് അനുസരണപൂർവ്വം പ്രവർത്തിക്കാനല്ലേ അനുവാദമുള്ളൂ! അതിനപ്പുറത്തേയ്ക്ക് നീങ്ങുമ്പോഴല്ലേ കുഴപ്പം?

**ഈ വിഷയം കുറേക്കൂടി വിശദമാക്കിയാൽ കൊള്ളാമെന്നുണ്ട്?**

പ്രശ്നം വ്യക്തിയുടേതല്ല. സഭാ സംവിധാനത്തിന്റേതാണ്. സ്വയംഭരണത്തിനുള്ള അവകാശാധികാരങ്ങൾ അടിയറവച്ച ഒരു സമൂഹം നഷ്ടപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കാൻ ശ്രമിക്കുമ്പോൾ ന്യായമായും സംഭവിക്കുന്ന സ്ഥിരപ്രശ്നമാണ് ഈയിടെയും യാക്കോബായ സഭയിൽ ഉണ്ടായതെന്നു സാരം. അതുകൊണ്ട് ഇതിൽ വ്യക്തിപരമായി ആരെയും കുറ്റപ്പെടുത്തിയിട്ടോ, നീതികരിച്ചിട്ടോ കാര്യമില്ല. മലങ്കരസഭയുടെ ഒരു ഭാഗ

മായി കഴിയേണ്ട ഒരു വിശ്വാസസമൂഹത്തിന്റെ സ്വയംകൃതാനർത്ഥത്തെയോർത്ത് വിലപിക്കുകയേ തരമുള്ളൂ.

**അടുത്ത നാളിൽ പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ നേരെ സ്വന്തനാട്ടിൽ വധശ്രമമുണ്ടായെന്നറിഞ്ഞല്ലോ. എന്താണ് അതു സംബന്ധിച്ച് തിരുമേനിയുടെ പ്രതികരണം?**

അക്രമം ആര് എവിടെ ചെയ്താലും അപലനീയമാണ്, തെറ്റാണ്. അക്രമമാർഗ്ഗം അവലംബിക്കുന്നവൻ ചെയ്യുന്നത് ക്രൂരതയാണ്. ഇസ്ലാമിക്ക് സ്റ്റേറ്റ് (I.S.) എന്ന തീവ്രവാദ സംഘത്തെ അപലപിച്ചേ തീരൂ അതിന്റെതന്നെ ഒരു പതിപ്പാണല്ലോ ഈ നാട്ടിൽ പാത്രിയർക്കീസ് ബാവയുടെ നേതൃത്വത്തിലുള്ള 'കേഫാ' എന്ന ഉഗ്രവാദിസംഘം. അതുകൊണ്ട് ഇത്തരം സംഘങ്ങൾ എവിടേയും നടത്തുന്ന അക്രമങ്ങളും കയ്യേറ്റങ്ങളും ജനം ഒന്നടങ്കം അപലപിക്കേണ്ടതാണ്. ആരെ ആക്രമിച്ചാലും അങ്ങനെതന്നെ. ഇത് എല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

**ഇതിൽനിന്ന് എന്തു പാഠമാണ് നാം ഉൾക്കൊള്ളേണ്ടത്?**

സിറിയ, ഇറാക്, ഇറാൻ, ഈജിപ്ത്, ലബനോൻ എന്നിവയുൾപ്പെട്ട ഭൂപ്രദേശങ്ങൾ ഒരുകാലത്ത് ക്രിസ്ത്യാനികൾ മാത്രം ഉണ്ടായിരുന്നവയാണ്. അവിടെ ഇസ്ലാം ശക്തിപ്പെട്ടതിന് ഒരു പ്രധാന കാരണം ക്രൈസ്തവർ തമ്മിൽ 5, 6, 7 നൂറ്റാണ്ടുകളിൽ ഉണ്ടായ ഭിന്നതയാണ്. ഇസ്ലാം ആധിപത്യം വന്നതോടെ ക്രിസ്ത്യാനികൾ നിരന്തരം പീഡിപ്പിക്കപ്പെട്ടു. ഇന്നവർ മിക്കവാറും നാമാവശേഷമായി. അന്ത്യോഖ്യ എന്ന സ്ഥലത്ത് ഇന്ന് ഒരു ക്രിസ്ത്യാനിപോലുമില്ല. ഇന്ന് ഇവിടെ മലങ്കരയിൽ വ്യവസ്ഥാപിത സഭാഭരണത്തെ എതിർക്കുന്നവർ സിറിയയിലെ സ്ഥിതി മനസ്സിലാക്കി ഭാവിയെക്കുറിച്ചു ചിന്തിക്കുന്നത് നല്ലതാണ്. അനാവശ്യകാര്യങ്ങളെ പ്രതിഭിന്നതയുണ്ടാക്കിയാൽ സ്വയംനാശമാണ് വരുത്തിവയ്ക്കുക. ഇതാണ് നാം ഗ്രഹിക്കേണ്ട കാര്യം. അധികാരസ്ഥാപനത്തിനല്ല മറിച്ച് ദൗത്യനിർവ്വഹണത്തിനാണ് സഭ ഊന്നൽ നൽകേണ്ടത്. അതാണ് ക്രിസ്തു അന്ത്യോപദേശമായി തന്റെ ശിഷ്യസമൂഹത്തിന് നല്കിയത് 'എന്റെ സാക്ഷികളാകുവിൻ' എന്ന്. സഭ ഒരു അധികാരസംഘടനയായി മാറുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകും. പരിഹാരം ദുഷ്ക്കരമായിരിക്കും.

**ഈയിടെ ഫ്രാൻസിസ് പാപ്പ സ്വവർഗ്ഗരതിക്കാരോ (homosexuals)ട് സഭ അനുവർത്തിച്ച സമീപനത്തിൽ ദുഃഖം രേഖപ്പെടുത്തിയതായി വാർത്തയുണ്ടായിരുന്നു. അതേപ്പറ്റി തിരുമേനിക്ക് എന്താണ് പറയാനുള്ളത്?**

പരി. പിതാവ് സ്വവർഗ്ഗരതി (homosexuality)യെ അംഗീകരിക്കുകയല്ല ചെയ്തത്. ആ പ്രശ്നത്തോട് സഭയുടെ പ്രതികരണത്തിൽ സംവേദനത്വവും, മനുഷ്യത്വവും ഇല്ലാതെപോയതിൽ അദ്ദേഹം ദുഃഖം പ്രകടിപ്പിക്കുകയാണുണ്ടായത്. അവരെ വിധിക്കുകയല്ല നേരേമറിച്ച് അവരുടെ കാര്യം സഭയുടെ ഇടയത്തശുശ്രൂഷയിൽ ഉൾക്കൊള്ളിക്കുകയാണ് വേണ്ടത് എന്നതാണ് അദ്ദേഹത്തിന്റെ ചിന്ത. പുറത്താക്കൽ ക്രിസ്തീയസമീപനം അല്ല. ചേർത്തു നിർത്തി പരിവർത്തനത്തിന് ശ്രമിക്കുകയാണ് വേണ്ടത് എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയായിരുന്നു.

**മുൻചോദ്യങ്ങളുമായി നേരിട്ടു ബന്ധമില്ലാത്ത ഒരു ചോദ്യം ഉന്നയിക്കട്ടെ. അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഇന്ന് എവിടെയുമുണ്ട്. അവരെ രണ്ടാംതരക്കാരും ക്രിമിനലുകളുമായി പൊതുസമൂഹം കാണുന്നു. ഇതിൽ സഭയ്ക്ക് എന്താണ് പ്രതികരണം?**

അന്യസംസ്ഥാനക്കാർ നമ്മുടെ നാട്ടിലെത്തുന്നത് ഈ നാട്ടുകാർ തൊഴിൽ-പ്രത്യേകിച്ചും കായിക ജോലികൾ-ചെയ്യാൻ തയ്യാറാകാത്തതു നിമിത്തമാണ്. അതുകൊണ്ട് അവർ നമ്മെ സഹായിക്കുവാൻ വരുന്നവരായി കണ്ട് അവരെ ഉൾക്കൊള്ളുവാൻ നാം ശ്രദ്ധിക്കണം. പാർപ്പിടസൗകര്യങ്ങൾ അവർക്കും ലഭ്യമാക്കണം. നമ്മുടെ ആഘോഷങ്ങളിൽ അവരേയും പങ്കുചേർക്കണം. അവരെ വേണ്ടവിധം അംഗീകരിക്കാനും കരുതുവാനും നാം മനസ്സുവയ്ക്കണം. അവർ പൊതുവെ വിദ്യാഭ്യാസം കുറഞ്ഞവരും പാർശ്വവല്ക്കരിക്കപ്പെട്ടവരും, പാവങ്ങളുമാണെന്ന പരിഗണനയോടെ അവരോടു പെരുമാറണം. അവരെയെല്ലാം ക്രിമിനലുകളായി മുദ്രയടിക്കരുത്. നമ്മുടെ നാട്ടിലെ ജയിലുകളിൽ പോയി നോക്കുക. എത്ര മറുനാട്ടുകാരുണ്ടവിടെ? വളരെ ചുരുക്കം. അപ്പോൾ അവരിൽ കുറ്റവാസനയുള്ളവർ അധികമില്ലെന്നു മനസ്സിലാക്കണം. അവരെ സംബന്ധിക്കുന്ന രേഖകൾ പരിശോധിച്ചുമാത്രം അവരെ ജോലിക്കു ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതുമുണ്ട്. അവർ നമ്മുടെ സഹായികളും മനുഷ്യരുമാണെന്നുള്ള മനോഭാവത്തോടെ അവരോടു പെരുമാറുന്നതു ഇരുകൂട്ടർക്കും നല്ലതാണ്.


**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid) *പ്രവേശനം നൽകുന്നു*

ലേഖനം

# പഠനം-പരിസ്ഥിതി-ആത്മീയത! മൂന്നു ദിനചിന്തകൾ

ഫാ. ഡോ. തോംസൺ റോബി

മനുഷ്യ ജീവിതത്തിലെ ഓരോ ദിനവും വിലപ്പെട്ടതാണ്. മാസങ്ങൾ, വർഷങ്ങൾ നമ്മെ വിട്ട് കടന്ന് പോകുന്നു. ചില യാഥാർത്ഥ്യങ്ങൾ ഓർമ്മിക്കുകയും അതിനനുസരിച്ച് ജീവിതത്തെ കരുപ്പിടിപ്പിക്കുകയും ചെയ്യുക എന്നതാണ് അനിവാര്യമായിട്ടുള്ളത്. കഴിഞ്ഞുപോകുന്ന ജൂൺ മാസവും ചില ചിന്തകൾ നമ്മുടെ ഇടയിൽ അവശേഷിപ്പിക്കുന്നു. അതിൽ വളരെ പ്രധാനപ്പെട്ട ചില ദിവസങ്ങളും അവയുടെ പ്രത്യേകതകളും നമ്മെ എപ്പോഴും ഓർമ്മിപ്പിക്കുന്ന ചില ചിന്തകളുണ്ട്. അവയുടെ ചിന്തയിലൂടെ ഒരന്വേഷണം ഇവിടെ പ്രസക്തമായി തോന്നുന്നു.

1) ജൂൺ 1: മദ്ധ്യവേനൽ അവധി കഴിഞ്ഞ് പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നു. പഠനം ഒരു തപസ്യയാണ്. പുതുതായി പഠനമേഖലകൾ തെരഞ്ഞെടുക്കുന്നവരും, നടന്നുകൊണ്ടിരിക്കുന്ന പഠന പദ്ധതികൾ തുടരുന്നവരും ഉണ്ടാകും. പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ വളരുന്നതോടൊപ്പം മനുഷ്യന്റെ അറിവിന്റെ തലകങ്ങളും വളരുകയാണ്. ഈ പുതിയ വർഷത്തിൽ പഠിതാക്കൾ പുതിയ ദർശനത്തോടെ, ശുഭാപ്തിവിശ്വാസത്തോടെ, പ്രതീക്ഷയോടെ വിജയത്തിലേക്ക് മുന്നേറുവാൻ കഴിയണം. നാം എന്തു ചിന്തിക്കുന്നു എങ്ങനെ ചിന്തിക്കുന്നു എന്നുള്ളത് നമ്മുടെ സ്വഭാവത്തേയും വ്യക്തിത്വത്തേയും രൂപപ്പെടുത്തുന്നു. നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും നിറം പിടിക്കുകയും ചെയ്യുന്ന ശിൽപികളാണ് നമ്മുടെ ചിന്തകൾ. റോമാസാമ്രാജ്യത്തിലെ പ്രഗത്ഭനായ മാർക്കസ് ഔറേലിയസ് പറയുന്നത് ഒരു മനുഷ്യൻ എന്തു ചിന്തിക്കുന്നുവോ അതാണവന്റെ ജീവിതം എന്നാണ്. നല്ല ചിന്തകൾ നമ്മെ നാമാക്കി മാറ്റുന്നു. അതിനനുസരിച്ച് ജീവിതത്തിൽ നല്ല ചിന്തകളിലൂടെ മുന്നേറുവാൻ വിദ്യാഭ്യാസം മൂലം ഇടയാകുന്നു.

പുതിയ അദ്ധ്യയനവർഷം പുതിയ അർത്ഥതലങ്ങളിലൂടെ അവസരങ്ങളെ ഉപയോഗിച്ച് മുന്നേറുവാൻ വിദ്യാർത്ഥികൾക്ക് കഴിയണം. ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ രാജ്യത്തിന്റെ വിധികർത്താക്കൾ എന്നത് ഓർക്കണം. വിദ്യാഭ്യാസത്തിന്റെ പുരോഗതിയാണ് ഒരുരാജ്യത്തെ മുന്നോട്ടു നയിക്കുന്നത്. പഠനത്തിലൂടെ മാത്രമേ നല്ല മൂല്യങ്ങൾ, നല്ലചിന്തകൾ നല്ല സമൂഹം, നല്ല കുടുംബം, നല്ല രാഷ്ട്രം, തുടങ്ങിയവ കെട്ടിപ്പടുക്കുവാൻ കഴിയുകയുള്ളു. അതിന് തളരാത്ത ഉത്സാഹവും പതറാത്ത വിശ്വാസവും നമ്മുടെ കുഞ്ഞുങ്ങൾ ആർജ്ജിക്കണം. സങ്കീർത്തനക്കാരൻ പറയുന്നു; "യഹോവ ബുദ്ധി ഉപദേശിച്ചു തരുന്ന മനുഷ്യൻ ഭാഗ്യവാൻ." ആത്മവിശ്വാസവും, ദൈവവിശ്വാസവും, മറ്റുള്ളവരിലുള്ള വിശ്വാസവും പഠനത്തിലൂടെ നാം ആർജ്ജിക്കണം. കുഞ്ഞുങ്ങൾ പഠനത്തൽ മുന്നേറുന്നതോടൊപ്പം ആത്മിക ജ്ഞാനം നേടുവാനും അവർക്കു കഴിയണം. ഓരോ മനുഷ്യനിലുമുള്ള കഴിവുകളെ തട്ടിയുണർത്തി പ്രവർത്തനക്ഷമമാക്കുവാൻ വിദ്യ അഭ്യസിക്കുന്നതിലൂടെ കഴിയണം. നിതാന്ത പരിശ്രമം ഉണ്ടാകണം. പരിശ്രമം കൂടാതെ വിജയം ഉണ്ടാവുകയില്ല. രണ്ടാം ലോകയുദ്ധത്തിൽ തകർന്ന ജപ്പാൻ ഇന്ന് വ്യവസായികമായി മുൻപിലെത്തുവാൻ ഇടയായത് പരിശ്രമത്തിന്റെ ഫലമാണ്. പരീക്ഷയുടെ സമയത്ത് പഠിക്കുന്ന രീതി മാറി വർഷാരംഭം മുതൽ തന്നെ ഓരോ ദിവസത്തേയും പാഠഭാഗങ്ങൾ ശരിയായി പഠിച്ച് ഉന്നത വിജയം കണ്ടെത്തുവാൻ വിദ്യാർത്ഥികൾക്ക് കഴിയണം.

പഠനത്തിന് തടസ്സമാകുന്ന ചില പ്രലോഭനങ്ങളിൽ നിന്ന് വിമുക്തമാകുവാൻ വിദ്യാർത്ഥി സമൂഹത്തിന് കഴിയണം. മയക്കുമരുന്ന്, മദ്യം, പുകവലി തുടങ്ങിയവ ഇന്ന് സ്കൂൾ തലത്തിൽ പോലും വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് വേദനാജനകമാണ്. ആക്രമണ വാസനയും മറ്റുള്ളവരെ ദ്രോഹിക്കുന്ന പ്രവണതകളും യുവതലമുറയെ സ്വാധീനിക്കുവാൻ പാടില്ല. പഠനകാലത്തു തന്നെ സുന്ദരമായ ഭാവിയെ സ്വപ്നം കണ്ട് അതിനുവേണ്ടി പ്രയത്നിക്കുവാവൻ നമ്മുടെ കുഞ്ഞുങ്ങൾക്ക് കഴിയണം. നമുക്ക് പിൻതുടരുവാൻ വിശ്വാസവും പ്രവർത്തിക്കുവാൻ കർമ്മ പദ്ധതികളും ഉള്ളപ്പോൾ നമ്മുടെ ഭാവി ശോഭനമായി തീരും. ചെളിക്കുണ്ടിൽ നിന്ന് മനോഹരമായ താമരയെ വിരിയിക്കുന്നു. മഴക്കാറുമൂടിയ ആകാശവിതാനത്തിൽ മാരിവില്ല് തെളിക്കുന്നു. പച്ചിലകൾ തിന്നുനശിപ്പിക്കുന്ന കമ്പിളിപ്പുഴുവിൽ നിന്ന് വർണ്ണഭംഗിയുള്ള ചിത്രശലഭത്തെ രൂപപ്പെടുത്തുന്നു. ഇതിന് കഴിവുള്ള ഈശ്വരന് നമ്മേയും സുന്ദരമായി രൂപാന്തരപ്പെടുത്തുവാൻ കഴിയും എന്ന വിശ്വാസത്തോടെ വിദ്യാഭ്യാസത്തെ സമീപിക്കുവാൻ വിദ്യാർത്ഥി സമൂഹത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു. ഈശ്വരൻ നമ്മുടെ വഴികാട്ടിയായി മാറട്ടെ. പുതിയ അദ്ധ്യയനവർഷം ഉന്നത വിജയാശംസകൾ വിദ്യാർത്ഥി സമൂഹത്തിന് നേരുന്നു. നല്ലതു

മാത്രം വിചാരിക്കുക. നല്ലതിനായി പ്രയത്നിക്കുക, നല്ലതുമാത്രം വരുമെന്ന് പ്രതീക്ഷിക്കുക.

2) ജൂൺ 5: (ലോകപരിസ്ഥിതിതദിനം): ആധുനിക കാലഘട്ടത്തിൽ ഗൗരവമായി ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് പരിസ്ഥിതി. വികസനവുമായി ബന്ധപ്പെട്ട് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുകയും തന്മൂലം പ്രകൃതിയുടെ നാശത്തിന് ഇടവരുത്തുകയും ചെയ്യുന്നു. ഭൂമിയാണ് മനുഷ്യന്റെ വാസസ്ഥലം. വചനത്തിന്റെ പറയുന്നത് മനുഷ്യനെ ദൈവം ഭൂമിയിൽ വസിക്കുവാനായി സൃഷ്ടിച്ചു. അതിനാൽ ദൈവം അവന് അതിലെ സർവ്വത്തിന്റെയും അധികാരം നൽകി. പക്ഷേ പാപം ചെയ്ത് മനുഷ്യൻ ദൈവത്തിൽ നിന്നും, തുടർന്ന് പ്രകൃതിയിൽ നിന്നും അകന്നു. വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ ദൈവം പറഞ്ഞു എങ്കിൽ ഇന്ന് ഭൂമിയെ വിറ്റ് വിയർക്കാതെ ഭക്ഷണം കഴിക്കുകയാണ് മനുഷ്യൻ. ഫലമോ പരിസ്ഥിതി നശീകരണവും.

മണ്ണുകൊണ്ട് ജീവിതം നയിക്കേണ്ട മനുഷ്യൻ ആധുനിക യുഗത്തിൽ അതിന്റെ അന്തകനാകുന്ന കാഴ്ചയാണ് നാം കാണുന്നത്. 18-19 നൂറ്റാണ്ടിൽ വ്യവസായിക വിപ്ലവത്തിനു ശേഷം വ്യവസായിക തലത്തിൽ ഉണ്ടായ മാറ്റം പരിസ്ഥിതിയെ ബാധിക്കുകയും, പ്രകൃതി ചൂഷണവും മലിനീകരണവും സംഭവിക്കുകയും ചെയ്തു. അതിന്റെ പരിണിതഫലം ഭയാനകമായിരുന്നു. ഇന്ന് പ്രകൃതിയെ സംരക്ഷിക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടു. മലിനീകരണം വായുവിലും ജലത്തിലും വർദ്ധിച്ചു. പ്രകൃതിയുടെ താളത്തിലുണ്ടായ മാറ്റം, മനുഷ്യനിലുണ്ടായ ഭയാനകമായ രോഗങ്ങൾ, ഇവയെല്ലാം പ്രകൃതിയുടെ നാശത്തിലൂടെ ഉണ്ടായതാണ്.

പരിസ്ഥിതി ദിനത്തെ ഓർക്കുമ്പോൾ അതിന്റെ പശ്ചാത്തലം കൂടി അറിയണം. 1972 ജൂൺ അഞ്ചിന് ലോക രാഷ്ട്രതലവന്മാർ സ്റ്റോക്ക് ഹോമിൽ ഒത്തുചേർന്ന് പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി ചിന്തിക്കുകയും അതിനുവേണ്ട നിയമാവലി ഉണ്ടാകുകയും ചെയ്തു. ഇതിന്റെ വാർഷിക ദിനാചരണമാണ് ലോക പരിസ്ഥിതി ദിനം. പരിസ്ഥിതിയെ ബാധിക്കുന്ന ഓരോ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഈ ദിനം ആചരിക്കുന്നത്. 2015-ലെ ചിന്താവിഷയമായി എടുത്തിരിക്കുന്നത്. '700 കോടി സ്വപ്നങ്ങൾ, ഒരേ ഒരു ഭൂമി, ഉപയോഗം കരുതലോടെ എന്നായിരുന്നു.' 2016-ലെ ചിന്താവിഷയം വന്യജീവികളുടെ നിയമവിരുദ്ധമായ വ്യാപാര വ്യവസ്ഥയ്ക്ക് എതിരായ പോരാട്ടം (Fight against the illegal trade in wild life)എന്നതാണ്.

മലങ്കരസഭയും ജൂൺ അഞ്ച് പരിസ്ഥിതിദിനമായി കൊണ്ടാടി. കൃഷിയിലൂടെയായിരുന്നു കേരളത്തിന്റെയും ലോകത്തിന്റെയും വികസനം വിഭാവനം ചെയ്തിരിക്കുന്നത്. കാടുകളും കാട്ടാറുകളും പോയി മറഞ്ഞു. വനനശീകരണം വിഭവശോഷണം, ഊർജ്ജദുരുപയോഗം, അനധികൃത പ്രകൃതിചൂഷണം, ജലത്തിന്റെ അശാസ്ത്രീയ ഉപഭോഗം തുടങ്ങിയവയെ തടുക്കുവാൻ പുതിയ ഭരണകൂടത്തിന് കഴിയണം. 'പ്രകൃതിയെ സംരക്ഷിക്കുക ജീവനെ രക്ഷിക്കുക' എന്നതാവണം നമ്മുടെ മുദ്രാവാക്യം. നാടിന്റെ വികസനവും പരിസ്ഥിതി സംരക്ഷണവും ഒരുമിച്ച് കൊണ്ടുപോകണമെന്നും അതിലൂടെ മാത്രമേ ജനനന്മ ഉണ്ടാവുകയുള്ളു എന്നുമുള്ള തിരിച്ചറിവിലൂടെ മുന്നേറുവാൻകഴിയണം. ഈ ലോക പരിസ്ഥിതി സൗഹൃദ സംരക്ഷണത്തിനായി നാമോരോരുത്തരും ശ്രദ്ധിക്കണം. ഭൂമിയിൽ സന്തോഷവും സമാധാനവും അനുഭവിക്കുക മനുഷ്യന്റെ അവകാശമാണ്. പുതിയ അകാശവും പുതിയ ഭൂമിയും അവിടെ മനുഷ്യന്റെ ശാന്തിയും പ്രകൃതി സംരക്ഷണത്തിലൂടെ ലഭിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

3) ജൂൺ 16-29 (ശ്ലീഹാനോമ്പ്) ബൗദ്ധികവും ധാർമ്മികവുമായ ഗുണങ്ങൾക്ക് ഉപരിയായി ക്രിസ്തുവിന്റെ ഭാഗത്തു നിന്നുള്ള തിരഞ്ഞെടുപ്പ് ക്രിസ്തുശിഷ്യനായിത്തീരാൻ അനിവാര്യമാണ്. ആ അനിവാര്യമായ തിരഞ്ഞെടുപ്പിൽ കൂടി തിരഞ്ഞെടുത്ത കർത്താവിന്റെ ശിഷ്യന്മാരെ ഓർക്കുന്ന നോമ്പ് നാം കൊണ്ടാടി. ക്രിസ്തു പോയ സ്ഥലങ്ങളിലെല്ലാം തന്നെ അനുഗമിക്കുകയും, തങ്ങളുടെ വീടുകളും തൊഴിലുകളും ഉപേക്ഷിക്കുകയും ചെയ്ത് സ്വർഗ്ഗരാജ്യത്തിനുവേണ്ടി ജീവിച്ച ശിഷ്യന്മാർ ഓർക്കപ്പെടുമ്പോൾ നമുക്കും അതുപോലെ ആയി തീരുന്നതിനുള്ള ചിന്തയാണ് ഈ നോമ്പ് നൽകുന്നത്.

'ശ്ലീഹാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. നാടും വീടുമില്ലാത്തവനായി സഭയ്ക്കായി നിയമിക്കപ്പട്ടവനായി തന്റെ മരണപര്യന്തം ക്രിസ്തുവിനായി ശുശ്രൂഷ ചെയ്ത് അവനു സാക്ഷിയാകുക എന്നതാണ് അപ്പസ്തോലന്റെ പ്രഥമവും പ്രധാനവുമായ ചുമതല. ക്രിസ്തുവുമായി ഗാഢബന്ധം പുലർത്തുന്നവരാണ് ശ്ലീഹൻമാർ അഥവാ ക്രിസ്തു ശിഷ്യന്മാർ. കർത്താവ് ശിഷ്യന്മാരെ വിളിക്കുകയായിരുന്നു. ഇതാണ് ശിഷ്യത്വത്തിന്റെ പ്രത്യേകത. അനുഗമിക്കുക എന്ന് പറഞ്ഞപ്പോൾ ക്രിസ്തുവിനെ അനുഗമിച്ച ഈ ശിഷ്യന്മാരുടെ ഓർമ്മ നമ്മുക്കും പ്രചോദനമാകണം. അനുഗമിക്കുക എന്നാൽ ഭൂതകാലത്തോടു വിട പറയുക, അവന്റെ പ്രബോധനങ്ങൾ ശ്രവിക്കുക രക്ഷകന്റെ ജീവിതവുമായി താദാത്മ്യം പ്രാപിക്കുക എന്നൊക്കെ അർത്ഥം പറയാം. ഈ ചിന്തയിൽ ക്രിസ്തുവിനോട് താദാത്മ്യം പ്രാപിച്ച ഇവരുടെ പ്രാർത്ഥന ആശ്വാസദായകമാണ്.

*Psychotherapy*

# SPIRITUAL DIMENSIONS IN THE TREATMENT OF GERIATRIC DEPRESSION

Dr. A. Nishad Koya MD and Mrs. Shalini Julie Mathew

***"I shall grow old, but never lose life's zest***

***Because the road's last turn will be the best"***

-Henry Van Dyke

Substantial increases in the relative and absolute number of older persons in our society pose a challenge for biology, social and behavioral science, and medicine. Successful aging is multidimensional, encompassing the avoidance of disease and disability, the maintenance of high physical and cognitive function, and sustained engagement in social and productive activities.

Factors of successful aging:

It is expected that, cognitive, physical, and emotional disabilities will occur at some point in many older people's lives; however, ample proof exists that these disabilities can be modified through early detection and intervention. While a satisfactory level of successful ageing is usually achieved in collaboration with health professionals and policy makers, several factors that impact on Successful Ageing are also under some degree of personal control. Many of these factors are also potentially modifiable in mid life and beyond e.g. social engagement, regular exercise and adaptive coping skills. Good social support system, good physical and mental health and financial security also influence life satisfaction in the old age. Important theories on old age include Erikson's psychosocial stage and Peck's developmental tasks.

**DEPRESSION**

Depression is a mental disorder, characterized by sadness, loss

---

ഈ 12 ശിഷ്യന്മാർ കൂടാതെ അനേകം ശിഷ്യന്മാർ ക്രിസ്തുവിനുണ്ടായിരുന്നു. എന്നാൽ പ്രത്യേകം വേർതിരിച്ച ഇവരുടെ ജീവിതം നമ്മുടെ ആത്മീയ പാതയിൽ മാർഗ്ഗദീപമാകണം. ശിഷ്യത്വം സ്വന്തം അസ്തിത്വത്തിന്റെ ശൂന്യവൽക്കരണത്തിലൂടെ ക്രിസ്തുവിന്റെ അസ്തിത്വവുമായി താദാത്മ്യം പ്രാപിക്കുന്നതിനുള്ള ശ്രമമാണ്. "തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവന് എന്റെ ശിഷ്യനായിരിക്കുക സാധ്യമല്ല" (മത്തായി 16:24) എന്ന പ്രബോധനത്തിന്റെ പൊരുൾ ഇതാകുന്നു. 'എന്റെ പിന്നാലെ വരിക' എന്ന ആഹ്വാനം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് ഇപ്രകാരമുള്ള സ്വയം ശൂന്യവൽക്കരണമാകുന്നു. ഈ ശിഷ്യത്വവും വിളിയും സ്വീകരിച്ചവരെയാണ് നാംഈ നോമ്പിലൂടെ സ്മരിച്ചത്. ഈ നോമ്പ് നമ്മെ വിശുദ്ധരാക്കി തീർക്കണം. അതിന് ഇടയായി എന്നു പ്രത്യാശിക്കുന്നു.

പാപത്തിന്റെ കറപുരണ്ട പഴയ മനുഷ്യനെ തിരസ്കരിച്ച് പശ്ചാതാപത്തിന്റെ തെളിനീരിൽ കഴുകി ശുദ്ധിവരുത്തപ്പെട്ട വ്യക്തിത്വത്തോടെ പുതിയ മനുഷ്യനായി ക്രിസ്തുവിനെ അനുഗമിക്കണം. ഇതാണ് യഥാർത്ഥ ശിഷ്യത്വത്തിന് ഉൾക്കാമ്പ്. സഹനമാണ് ക്രിസ്തു ശിഷ്യത്വത്തിന്റെ ലക്ഷണം. ഈ വഴികളിലൂടെ നടന്ന് വിശ്വാസസ്ഥിരതരായി, ക്രിസ്തു സാക്ഷികളായി കർത്താവിന്റെ ശിഷ്യന്മാരെപ്പോലെ ആയിത്തീരുവാൻ ഈ നോമ്പുമൂലം ഇടയാകട്ടെ എന്നാശംസിക്കുന്നു.

ജൂൺ മാസത്തിലെ മൂന്നു പ്രത്യേകത സംഭവങ്ങളിലൂടെ ഒരോട്ട പ്രദക്ഷിണം നടത്തുകയായിരുന്നു. ഇതു കൂടാതെ പല സംഭവങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ ഈ മൂന്നു ചിന്തകൾ; പുതു അദ്ധ്യയനവർഷ ചിന്തകളും, പരിസ്ഥിതി സംരക്ഷണ വീക്ഷണവും ശ്ലീഹാനോമ്പിന്റെ പുണ്യവും നമ്മെ ചിന്തിപ്പിക്കുന്നതാവണം. കൂടാതെ മുസ്ലീം സഹോദരങ്ങൾ അവരുടെ റമദാൻ നോമ്പ് നോക്കുന്ന ഈ പുണ്യ ദിനങ്ങൾ നമ്മുടേയും പുതുക്കത്തിനിടയാക്കണം. ഈ ലോകം നമ്മുടെതാകണമെങ്കിൽ നമ്മുടേതായ ചിന്തകളും പ്രവർത്തനങ്ങളും ആവശ്യമാണ്. പഠനത്തിന്റെ പ്രത്യേകത അതാണ്. പുതിയ ചിന്തകൾ നമ്മുക്കുണ്ടാകണം. അപ്പോൾ നാം പ്രകൃതിയുടെ വിലയറിയും. പ്രകൃതിയുടെ വിലയറിയണമെങ്കിൽ നാം ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യരാകണം. ക്രിസ്തുവിന്റെ വിളി നമ്മെ മാത്രമല്ല എല്ലാ ജാതികളേയും സൃഷ്ടികളെയും ഒന്നിച്ചുകൊണ്ടുപോകുവാനുള്ളതാണ്. നാം നോമ്പു നോറ്റ് ആർജ്ജിച്ച ശക്തി നമ്മുടെ സമൂഹ മാറ്റത്തിനായി വിനിയോഗിക്കാം. ഈ പുതു ചിന്തകളിലൂടെ യാത്ര തുടരുവാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു. പഠനം-പരിസ്ഥിതി-ആത്മീയ ചിന്തകൾ ഇവമൂന്നും നമുക്ക് പുതിയ തലങ്ങളിലൂടെ ചിന്തിക്കുവാൻ ഇടയാക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

●

of interest or pleasure, feelings of guilt or low self-worth, disturbed sleep or appetite, feelings of tiredness and poor concentration.

In Depression of late life classic symptoms may not be evident. Somatic or hypochondriacal complaints, loss of interest and pleasure, social withdrawal, unexplained functional decline, pseudodementia etc. may be the presentation. Severe psychomotor retardation or agitation, a degree of cognitive impairment esp. with effortful tasks, delusions regarding poverty, physical illness may be seen. Paranoia is common, auditory hallucinations may occur.

## SPIRITUAL DIMENSIONS IN DEPRESSION:

- Religious Attribution

It refers to the way people interpret their problems: opportunities to grow spiritually, opportunities for God to bless the individual, punishment, etc.

- Religious Problem-Solving Styles

Pargament identified 3 styles of religious problem-solving.

Self-directive – person believes in God but tries to cope with a situation without God's help

Deferring – person does not take responsibility in identifying a solution and "gives it over to God"

Collaborative – person works together with God to identify a solution – associated with the best mental health outcomes of the three.

- Religious Coping

Recently, researchers have begun to investigate the influence of both positive and negative religious coping strategies on psychological wellbeing. The positive religious coping pattern includes religious forgiveness, seeking spiritual support, collaborative religious coping, spiritual connection, religious purification, and benevolent religious reappraisal.

The negative religious coping pattern includes spiritual discontent, punishing God reappraisals, interpersonal discontent, demonic reappraisal, and reappraisal of God's powers, the positive religious coping pattern was associated with benevolent outcomes, including fewer symptoms of psychological distress and increased reports of psychological and spiritual growth. The negative religious coping pattern, on the other hand, was associated with signs of emotional distress, poorer quality of life, and negative psychological symptoms.

## SPIRITUAL SURRENDER

Cole and Pargament point out that there are limits to what individuals are able to control and master on their own. Rather than directly asserting control over stressful situations, spiritual surrender provides an alternative way for religious individuals to deal with distressing situations.

They identified three themes of spiritual surrender that can be seen in various faith perspectives, including self-transcendence, recognition of a higher value, and an enhanced state of being.

Self-transcendence involves a cognitive and experiential shift whereby the person begins to experience the self as immersed in a relationship with the sacred. When viewing oneself in relationship to a higher being or purpose, the individual inevitably gives up personal control. For example, an individual may begin to see his or her life as "hidden in Christ Jesus."

Secondly, spiritual surrender involves recognizing the greater good in a negative situation. The person's focus shifts from achieving his or her own desires to achieving a greater spiritual end. For example, the person may begin to focus on accomplishing God's will rather than accomplishing his or her own desires.

Thirdly, spiritual surrender is accompanied by an enhanced state of being. The individual may experience life satisfaction, peace, completeness, compassion, and thankfulness. Individuals gain a greater sense of control when they surrender to the sacred.

## SPIRITUALITY IN PSYCHOTHERAPY:

Spiritual traditions and associated healing techniques have long been one major but largely hidden and poorly acknowledged source of psychotherapeutic innovation.

1. Inner activities of the therapist

In the spiritual traditions, the healer is the conduit of healing, and it is through the healer's inner activities that healing is enabled to take place. Such inner activities include the healer's state of consciousness and contents of consciousness.

The therapist is able both to attend to the communications of the client and to monitor reactions as they occur. This process goes beyond intellectual appreciation of one's own reactions and consists of a conscious, non-judgmental awareness of thoughts and emotions as they occur. This state may be accompanied by an associated emotional state that consists of access of deeply loving and compassionate feelings toward the client.

2. Seeing the client as healthy rather than diseased

Seeing the client as deficient, defective, and diseased is viewed as detrimental, but seeing the client as potentially empowered, happy, healthy, and whole is beneficial.

3. Engaging in pleasant, life-enhancing activities

The client may be asked what activities he or she engages in or has engaged in that bring the most satisfaction and is encouraged to participate in one or more of those activities. The client also may be encouraged to undertake more helpful, altruistic activities in daily life.

4. Shifting the emphasis from problems, conflicts and negative emotions to new pattern of thought, feeling, behavior through affirmation, prayer, visualization

The effort is to help the client create areas of experience and associated thoughts and feelings that are satisfying and life-enhancing. Much of the therapeutic process is devoted to helping the client find out what would be most fulfilling and to encouraging inner and outer activities that correspond to selected goals.

5. Meditation and prayer may be used in a variety of ways.

6. Readiness and openness of the client and upon the capacity of the therapist

The utilization of such techniques drawn from spiritual healing approaches and their integration into psychotherapy depends upon both the readiness and openness of the client and upon the capacity of the therapist.

## വൈദീകർക്ക് ശവദാഹം (cremation) അനുവദിച്ചു

ശവക്കോട്ടകളിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ആവശ്യമെങ്കിൽ വൈദീകർക്കുകൂടി ശവദാഹം മർത്തോമ്മാസഭ അനുവദിച്ചിരിക്കുന്നു. സഭാതലവൻ അഭി. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയാണ് ഇത് അനുവദിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചിരിക്കുന്നത്. അതാത് ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയിൽ നിന്നോ, മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നോ ഇതിനുള്ള അനുമതി വാങ്ങാവുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ ദഹിപ്പിക്കലിനുശേഷം അനുമതി നേടിയാലും മതിയാകും. അല്മായക്കാരെ ദഹിപ്പിക്കുന്നതിനുള്ള അനുമതി മുമ്പുതന്നെ സഭ നൽകിയിരുന്നു. വിറകോ വൈദ്യുതിയോ ഉപയോഗിച്ച് ശവദാഹം നിർവ്വഹിക്കാവുന്നതാണെന്ന് കല്പന വ്യക്തമാക്കുന്നുണ്ട്.


### ഡയോസിഷൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

### SANTHULA TRUST HOSPITAL

**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**



*A Clinical and Research Centre of Neuro - Behavioural Science*

OUR SERVICES:

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

OUR FACILITIES:

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

## അനുസ്മരണവും അവാർഡ് വിതരണവും

മാർത്തോമ്മാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാളും പുറ്റാനിൽ യോഹന്നാൻ മല്പാനച്ചന്റെ 28-ാം ചരമവാർഷികവും 2016 ജൂലൈ 3 ന് പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപള്ളിയിൽ സമുചിതമായി ആചരിച്ചു. അന്നു രാവിലെ ഫാ. എഡ്വേർഡ് ജോർജ് പുറ്റാനിലിന്റെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ വികാരി ഫാ. എബ്രാഹാം കാരാമ്മേൽ അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. യോഗത്തിൽ വച്ച് ഇടവകയിൽ നിന്ന് പൊതുപരീക്ഷകളിലും സണ്ടേസ്കൂൾ 10-ാം ക്ലാസ്സ് പരീക്ഷയിലും ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും അവർക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയുമുണ്ടായി. കൂടാതെ നിർദ്ധനരായ രോഗികൾക്ക് 19000/- രൂപയുടെ ധനസഹായവും നൽകി. സഭാ മാനേജിംഗ് കമ്മിറ്റിയംഗം റോയി വർഗീസ് ജേതാക്കളെ അനുമോദിച്ച് പ്രസംഗിക്കുകയും അവാർഡുകളും സഹായ തുകകളും വിതരണം നടത്തുകയും ചെയ്തു. വികാരി അവാർഡുകൾ ഏർപ്പെടുത്തിയ കുടുംബങ്ങളെ പ്രത്യേകമായി അനുമോദിക്കുകയും എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. പതിവുപോലെ പഴുക്കാനിൽ കുടുംബക്കാർ ഒരുക്കിയ പാച്ചോർ നേർച്ചയോടെ ചടങ്ങുകൾ സമാപിച്ചു.

## ജന്മദിനവും ഹോസ്പിറ്റൽഡേയും ആഘോഷിച്ചു

സന്തുല ഹോസ്പിറ്റൽഡേയും സന്തുല ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയുടെ 65-ാം ജന്മദിനവും 2016 ജൂൺ 28-ാം തീയതി സന്തുല ഓഡിറ്റോറിയത്തിൽ ആഘോഷിച്ചു. വൈകുന്നേരം 4 ന് സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് അഭി. തിരുമേനി ജന്മദിനകേക്ക് മുറിക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ്ജ് സ്വാഗതപ്രസംഗം നടത്തി. മുഖ്യാതിഥി കോലഞ്ചേരി മെഡിക്കൽ കോളേജ് സെക്രട്ടറി ജോയ് പി. ജേക്കബ് അനുമോദന പ്രസംഗം നിർവ്വഹിച്ചു. കൂത്താട്ടുകുളം മുനിസിപ്പൽ ചെയർമാൻ പ്രിൻസ് പോൾ ജോൺ ഹോസ്പിറ്റൽദിന സന്ദേശം നൽകി. വൈസ് ചെയർപേഴ്സൺ ഓമന ബേബി സന്തുല ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ തുടങ്ങിയവർ ആശംസകൾ നേർന്നു. മത്സര വിജയികൾക്കും ഏറ്റവും നല്ല സേവനം കാഴ്ചവച്ച ഹോസ് പിറ്റൽ ജീവനക്കാർക്കും മുഖ്യാതിഥി സമ്മാനങ്ങൾ വിതരണം ചെയ്തു. ഹോസ്പിറ്റൽ സ്റ്റാഫിന്റെയും അന്തേവാസികളുടെയും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സെക്രട്ടറി എഞ്ചി. എ.പി. സെൽവിൻ കൃതജ്ഞത പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.

## മനുഷ്യ ലൈംഗീകത വേദശാസ്ത്ര പാഠ്യവിഷയമാകുന്നു

ഇന്ത്യയിലെ ക്രൈസ്തവ വേദശാസ്ത്ര യൂണിവേഴ്സിറ്റിയായ സെറാപൂർ സർവ്വകലാശാല മനുഷ്യ ലൈംഗീകത ദൈവശാസ്ത്ര പാഠ്യവിഷയമാക്കുന്നു. "Theologies of human sexuality" എന്ന പേരിലാണ് ഈ കോഴ്സ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ദൈവശാസ്ത്ര പഠനരംഗത്ത് ഇത് ആദ്യത്തെ ചുവടുവയ്പ്പാണ്. ഇന്ത്യയിലെ ഓർത്തഡോക്സ്-പ്രൊട്ടസ്റ്റന്റ് സഭകളുടെ സെമിനാരികൾ എല്ലാം സെറാംപൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഈ സഭകളുടെ സെമിനാരികളിൽ പഠിക്കുന്ന വൈദീക വിദ്യാർത്ഥികൾക്ക് ഇനി മുതൽ ഈ കോഴ്സ് പാഠ്യവിഷയമാകും. ഭിന്നലൈംഗികത ഇന്ന് വളരെ ചർച്ച ചെയ്യപ്പെടുകയും സംവദിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ വിഷയം പാഠ്യവിഷയമായി തിരഞ്ഞെടുത്തതുവഴി സഭാശുശ്രൂഷരംഗത്തും വേദശാസ്ത്രരംഗത്തും കൂടുതൽ അന്വേഷണങ്ങൾക്ക് കളമൊരുങ്ങും എന്നത് ഉറപ്പാണ്. ഭിന്നലൈംഗികതയെ ക്രൈസ്തവ വേദശാസ്ത്ര-വേദപുസ്തക നൈതിക അടിത്തറയിൽ നിന്ന് സമഗ്രമായി വിലയിരുത്തി ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ഡയോസിസൻ ബുള്ളറ്റിനിൽ എഴുതിയ ലേഖനങ്ങൾ ആണ് ക്രൈസ്തവ മേലദ്ധ്യക്ഷന്മാരിൽ നിന്നുള്ള ആദ്യപ്രതികരണവും പഠനവും എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

## ബൈബിൾ ക്വിസ്സ് മത്സരം ഓഗസ്റ്റ് 13 ന്

തിരുവനന്തപുരം: ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, എബൻഡന്റ് ലൈഫ് കേരളാ ചാപ്റ്റർ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ ബൈബിൾ ക്വിസ് മത്സരം ഓഗസ്റ്റ് 13 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ നടക്കുന്നതാണ്.

സത്യവേദപുസ്തകത്തിൽ യശയ്യാ പ്രവചനത്തെ ആധാരമാക്കിയുള്ള ക്വിസ്സിൽ പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം. വിവിധ പ്രായഗ്രൂപ്പുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യും. മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല.

കൂടുതൽ വിവരങ്ങൾക്ക്:

ഷെവലിയാർ ഡോ. കോശി എം. ജോർജ്ജ്,
പ്രോഗ്രാം ചെയർമാൻ,
ഫോൺ: 9633033096

RNI No. KERMAL/2012/46014
Reg. No. KL/ALU/0067/2016-2018

Date of Publication 15-07-2016
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment

DIOCESAN BULLETIN

## റവ. ഡോ. കെ.സി. എബ്രഹാം ഒരു അനുസ്മരണം

പ്രമുഖ ദൈവശാസ്ത്രജ്ഞനും ചിന്തകനും ദൈവശാസ്ത്ര അധ്യാപകനും സി.എസ്.ഐ. സഭയിലെ വൈദീകനുമായിരുന്ന റവ. ഡോ. കെ.സി. അബ്രഹാം ജൂൺ 12 ന് അന്തരിച്ചു. ഇൻഡ്യൻ ദൈവശാസ്ത്രത്തെ തന്റെ പഠനങ്ങൾകൊണ്ടും നേതൃപാടവം കൊണ്ടും അധ്യാപനം കൊണ്ടും സമ്പുഷ്ടമാക്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ദൈവശാസ്ത്രത്തെ അടിച്ചമർത്തപ്പെടുന്ന മനുഷ്യന്റേയും പ്രകൃതിയുടേയും ഭാഗത്തുനിന്ന് പുനരാഖ്യാനം ചെയ്യാൻ അദ്ദേഹത്തിനു സാധിച്ചു എന്നതാണ് ഇന്ത്യൻ ദൈവശാസ്ത്രരംഗത്ത് അദ്ദേഹം നൽകിയ ഏറ്റവും വലിയ സംഭാവന. വിമോചന ദൈവശാസ്ത്രത്തിന്റെ ഇന്ത്യൻ മാതൃക രൂപപ്പെടുത്തുന്നതിലും അത് വേദശാസ്ത്ര-പഠന-ഗവേഷണരംഗത്ത് അവതരിപ്പിച്ച് വളർത്തുന്നതിലും നേതൃത്വപരമായ പങ്ക് അദ്ദേഹം നിർവ്വഹിച്ചു. എക്യുമെനിക്കൽ രംഗത്തും നിസ്തുലമായ സംഭാവനകളാണ് അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളത്. ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിലെ ദൈവശാസ്ത്ര വിഭാഗം പ്രൊഫസർ എന്ന നിലയിൽ ഇന്ത്യയിലും വിദേശത്തുമായി അനേകം വൈദീകർക്കും ബിഷപ്പുമാർക്കും അദ്ദേഹം ഗുരുവാണ്. ഓർത്തഡോക്സ് സഭയിലെ ഏതാനും ബിഷപ്പുമാരും വൈദീകരും അച്ചന്റെ വിദ്യാർത്ഥികളാണ് എന്നതും ഈയവസരത്തിൽ സ്മരിക്കുന്നു. ആധുനിക ദൈവശാസ്ത്രത്തിന്റെ വികാസത്തിനും വളർച്ചയ്ക്കും അക്ഷീണം പ്രയത്നിച്ച ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ സഭയുടെ ദൗത്യനിർവ്വഹണത്തിൽ പുതിയ പാതകൾ വെട്ടിത്തുറക്കാൻ അച്ചന് സാധിച്ചു. നിത്യതയുടെ സന്തോഷത്തിലേക്ക് പ്രവേശിക്കാൻ പ്രിയ അച്ചന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ധന്യമായ സ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## സഖറിയാസ് മാർ നിക്കോളോവോസ് ലോക സഭാകൗൺസിൽ നിർവ്വാഹ സമിതിയിൽ

ഒസ്ലോ (നോർവേ): ആർച്ച് ബിഷപ്പ് സഖറിയാസ് മാർ നിക്കോളോവോസിനെ സഭകളുടെ ലോകകൗൺസിലിന്റെ (WCC) നിർവ്വാഹസമിതിയിലേക്ക് തിരഞ്ഞെടുത്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ വടക്കുകിഴക്കൻ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തയാണ് ഇദ്ദേഹം.

നോർവെയിലെ ട്രോൺഹൈമിൽ നടന്ന കേന്ദ്രകമ്മിറ്റിയോഗത്തിൽ ഏകകണ്ഠമായിരുന്നു തിരഞ്ഞെടുപ്പ്. കൗൺസിലിലെ ഏക ഇന്ത്യാക്കാരനാണ് അദ്ദേഹം. കേന്ദ്ര കമ്മിറ്റിക്ക് കീഴിലുള്ള കാര്യങ്ങൾക്കും കേന്ദ്രകമ്മിറ്റി പാസാക്കിയ ബഡ്ജറ്റിനും മേൽനോട്ടം വഹിക്കുകയാണ് നിർവ്വാഹസമിതിയുടെ ചുമതല. ലോകത്തെ 110 രാജ്യങ്ങളിലെ ക്രിസ്തീയസഭകളെ പ്രതിനിധീകരിക്കുന്ന സംഘടനയാണ് WCC. 2013 നവംബറിലാണ് സഖറിയാസ് മാർ നിക്കോളാവോസിനെ WCC യിലേക്ക് നാമനിർദ്ദേശം ചെയ്തത്. കേന്ദ്രകമ്മിറ്റിയാണ് നിർവ്വാഹസമിതിയിലേക്കുള്ള 20 അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 20 വർഷത്തിനുശേഷമാണ് വീണ്ടും മലങ്കര ഓർത്തഡോക്സ് സുറിയാനിസഭാ പ്രതിനിധി WCC നിർവ്വാഹസമിതിയിലെത്തുന്നത്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയായിരുന്നു അന്ന് തിരഞ്ഞെടുക്കപ്പെട്ടത്.

## സി.ഡി. പ്രകാശനവും വൃക്ഷത്തൈ വിതരണവും

പാങ്കോട്: ഫാ. ജെറി ജോൺ മാത്യു അർപ്പിച്ച് അഖില മലങ്കര ഓർത്തഡോക്സ് ഗായകസംഘ മത്സരമായ മസുമൂർ സീസൻ-4 വിജയികളായ പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഗായകസംഘം ഗാനാലാപനം നടത്തിയ ''ജീവന്റെ അപ്പം'' എന്ന വിശുദ്ധ കുർബ്ബാനയുടെ ഓഡിയോ സിഡി. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് പ്രകാശനം ചെയ്തു. പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടന്ന യോഗത്തിൽ ഫാ. ജെറി ജോൺ മാത്യു അദ്ധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തായുടെ ജന്മദിനാഘോഷ വേളയിൽ നാടൻ വൃക്ഷങ്ങളുടെ സംരക്ഷണാർത്ഥം നടപ്പിലാക്കിയ 'എന്റെ വൃക്ഷം' പദ്ധതിയുടെ രണ്ടാംഘട്ട വൃക്ഷത്തൈ വിതരണോദ്ഘാടനവും മെത്രാപ്പോലീത്ത നിർവ്വഹിച്ചു. 'വൃക്ഷങ്ങൾ ഒരു ദേശത്തിന്റെ പൊതുസംസ്ക്കാരത്തെ സൂചിപ്പിക്കുന്നതിനാൽ നശിച്ചില്ലാതാകുന്ന നാടൻ വൃക്ഷങ്ങളുടെ സംരക്ഷണം നാശോന്മുഖമായ നാടൻ സംസ്ക്കാരങ്ങളുടെ സംരക്ഷണമാണ്' എന്ന് മെത്രാപ്പോലീത്ത ഉദ്ഘാടന പ്രസംഗത്തിൽ വിശദമാക്കി. തദവസരത്തിൽ 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങളിലും A1 വാങ്ങിയ കുട്ടികളെ ആദരിക്കുകയുമുണ്ടായി. യോഗത്തിൽ അനേകം വിശ്വാസികൾ പങ്കെടുത്തു.




Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha